ധർമ്മം.

ശ്രീമദ് ആഗമാനന്ദ സ്വാമികൾ.

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

ധർമ്മം.

ധർമ്മം എന്നതു് ഭാരതത്തിനു പുറത്തുള്ള ഭാഷകളിൽ ഇല്ലാത്തതും ആ ഭാഷകളിലേക്കു് തർജ്ജിമചെയ്യാൻ കഴിയാത്തതും ആയ ഒരു പദമാണു്. Religion എന്ന ഇംഗ്ലീഷ് പദത്തെ ചിലപ്പോൾ ഹിന്ദിയിൽ ധർമ്മം എന്നു തർജ്ജിമചെയ്യാറുണ്ടു്. ധർമ്മം റിലിജിയൻ അല്ല. റിലിജിയൻ എന്ന ഇംഗ്ലീഷു പദത്തെ മതമെന്നു തർജ്ജിമ ചെയ്യുന്നതും ശരിയല്ല. റിലിജിയൻ വേറെ; മതം വേറെ; ധർമ്മം വേറെ. ധർമ്മം എന്നതിനു് ഋഷിമാർ നിർവചനം ചെയ്തിട്ടുണ്ടു്. "നഹി ലക്ഷണപ്രമാണാഭ്യാം വിനാ വസ്തുസിദ്ധിഃ" എന്നാണു് ഭാരതീയാഭിപ്രായം. പലപ്പോഴും ഇങ്ങിനെയുള്ള ലക്ഷണനിർദ്ദേശം ഇല്ലെങ്കിൽ തെറ്റിദ്ധരിക്കാൻ ഇടയുണ്ടു്. ഞാൻ കുട്ടിക്കാലത്തു് ഒരു പുസ്തകത്തിലൊരു കഥ വായിച്ചു. ഒരിക്കൽ ഒരു നമ്പൂതിരിയും ഒരു പരദേശബ്രാഹ്മണനും കൂടി ഒരു വള്ളത്തിൽ യാത്ര ചെയ്യുകയായിരുന്നു. വള്ളത്തിന്റെ പന്നകത്തിന്മേൽ ഒരു പാമ്പിരിക്കുന്നതു നമ്പൂതിരി കണ്ടു; പരദേശബ്രാഹ്മണനെ വിളിച്ചു് "ഇതാ ഒരു പാമ്പിനേ കണ്ടോ?" എന്നു ചോദിച്ചു. പരദേശബ്രാഹ്മണൻ വന്നു നോക്കി. "ആമാ" എന്നു പറഞ്ഞു. നമ്പൂതിരി കോപിച്ചു. "ആമയോ? പാമ്പല്ലേ?" എന്നായി. അതിനു പരദേശബ്രാഹ്മണൻ വീണ്ടും പറഞ്ഞു:—"ആമാ" എന്നു്. നമ്പൂതിരിക്കു കോപം വർദ്ധിച്ചു. ഒടുവിൽ പരദേശബ്രാഹ്മണനെ ശകാരിച്ചിട്ടു വള്ളക്കാര

(ആലപ്പുഴ സനാതന വിദ്യാശാലയിൽവച്ചു് നവരാത്രി സംബന്ധിച്ചു് 1952 സെപ്തംബർ 23—ാംനു- വൈകുന്നേരം 6 മുതൽ 8-30 വരെ ചെയ്ത പ്രസംഗത്തിന്റെ ചുരുക്കം.)

നെ വിളിച്ചു കഴക്കോൽകൊണ്ടു് പാമ്പിനെയെടുത്തു വെള്ളത്തി ലെറിയിച്ചു. ഇവിടെയെന്താണു് കുഴപ്പം ഉണ്ടായതു്? "ആമാ" എന്ന തമിഴ് വാക്കിനു് "അതേ" എന്നാണർത്ഥമെന്നു് നമ്പൂതിരിക്കു മനസ്സിലായില്ലെന്നുള്ളതാണു്. ഇതുപോലെ തമിഴിൽ നല്ലതായി കരുതുന്ന ചില പദങ്ങൾ മലയാളിമാന്യന്മാരുടെ മുമ്പിൽവച്ചു പറഞ്ഞാൽ തല്ലുകൊള്ളുന്നവയായുണ്ടു്. അതുപോലെ തെക്കൻ തിരുവിതാംകൂറിലെ ചിലപദങ്ങൾ വടക്കൻദിക്കിൽ ആഭാസങ്ങളാണു്. മലബാറിലെ ചിലപദങ്ങൾ തിരുവിതാംകൂറിലും തിരുവിതാംകൂറിലെ ചിലപദങ്ങൾ മലബാറിലും അശ്ലീലങ്ങളാണു്. ഇതിനു കാരണമെന്തു്? ഓരോപദത്തിനു് ഓരോദിക്കിൽ അർത്ഥം വെവ്വേറെയാണു്. ഇതുപോലെ സംസ്കൃതത്തിലും പലേ ആചാര്യന്മാർ ഒരേ പദത്തിനു് പലേ അർത്ഥങ്ങളാണു് സങ്കല്പിച്ചിട്ടുള്ളതു്. ഒരു പദംകൊണ്ടു് ഒരുവൻ എന്താണു് അർത്ഥമാക്കുന്നതെന്നു തെററിദ്ധാരണ വരാതിരിക്കാൻ, ആചാര്യന്മാർ ലക്ഷണം കൊടുക്കുന്നു. ഭാവാത്മകങ്ങളും അമൂർത്തങ്ങളും ആയ ആശയങ്ങളെപ്പററി പറയുമ്പോൾ ഇതു പ്രത്യേകിച്ചും ആവശ്യമാണു്. ഉദാഹരണത്തിനു മതമെന്ന പദം തന്നെയെടുക്കുക. മതം (റിലിജിയൻ) വേണ്ടായെന്നു് ചെറുപ്പക്കാർ പറയുന്നു. "മതം" എന്ന പദം എന്തിനേയാണു് കുറിക്കുന്നതെന്നു് അവർക്കുതന്നെ നിശ്ചയമുണ്ടായിരുന്നുവെങ്കിൽ അവർ അങ്ങനെ പറയുകയില്ലായിരുന്നു. "മതം" എന്ന പദത്തിനു് ഒരു ശരിയായ നിർവചനം അവർക്കില്ല, ഈ കുഴപ്പം വരാതിരിക്കാനാണു് ലക്ഷണ നിർവചനം.

ധർമ്മത്തിനു് മുഖ്യമായി രണ്ടാചാര്യന്മാരാണു് ലക്ഷണം കൊടുത്തിരിക്കുന്നതു്. ഒന്നു് കണാദൻ. മറെറാന്നു് ജൈമിനി. ഈ രണ്ടു ലക്ഷണങ്ങളും ഉപരിപ്ലവമായി നോക്കുമ്പോൾ പരസ്പരബന്ധമില്ലാത്തവപോലെ തോന്നാം. വാസ്തവത്തിൽ രണ്ടും ബന്ധമുള്ളതാണു്. കണാദൻ കൊടുക്കുന്ന ലക്ഷണം "യതോഽഭ്യുദയനിഃശ്രേയസസിദ്ധിഃ സധർമ്മഃ" (യാതൊന്നുകൊണ്ടു് മനുഷ്യനു് ഐ

ഹികശ്രേയസ്സും പാരലൌകിക ശ്രേയസ്സും മോക്ഷവും കിട്ടുമോ അതു ധർമ്മം).

ഇവിടെ ധർമ്മമെന്നതു് വെറും പരലോകത്തേക്കുള്ളതല്ലെന്നും മോക്ഷത്തിനു മാത്രമുള്ളതല്ലെന്നും നാം ഓർക്കണം.

“പ്രഭവാർത്ഥായ ഭൂതാനാം ധർമ്മപ്രവചനം സ്മൃതം
യഃ സ്യാൽ പ്രഭവസംയുക്തഃ സധർമ്മ ഇതിനിശ്ചയഃ”

എന്നു വ്യാസൻപറയുന്നു. മനുഷ്യർക്കു് മാത്രമല്ലാ സകല ജീവികൾക്കും നന്മയേയും പുഷ്ടിയേയും ഐശ്വര്യത്തേയും കൊടുക്കുന്നതു് ധർമ്മമെന്നാണു് നിശ്ചയം. ഇതിൽനിന്നു് “നിങ്ങളുടെ മതഗ്രന്ഥങ്ങൾ ഈലോകത്തു് പട്ടിണി കിടക്കുന്നവന്റെ വിശപ്പു് മാററുമോ? കിടപ്പിടം ഇല്ലാത്തവനു് കിടപ്പിടം കൊടുക്കുമോ? ഉടുക്കാനില്ലാത്തവനു് വസ്ത്രം കൊടുക്കുമോ? അവയെപ്പററി വല്ലതും പറയുന്നുവോ?” എന്ന ചോദ്യത്തിനു് ധർമ്മപ്രകാരം ഉത്തരം ഉണ്ടെന്നുള്ളതു് തീർച്ചയാണു്. പട്ടിണിക്കാരന്റെ പട്ടിണിതീർക്കാനും കിടപ്പിടമില്ലാത്തവനു് കിടപ്പിടം കൊടുക്കുവാനും ഉടുപ്പാൻ ഇല്ലാത്തവനു് ഉടുക്കാൻ കൊടുക്കാനും കഴിവില്ലെങ്കിൽ അതു ധർമ്മമല്ല. സകല വിഷമപ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കികൊടുക്കുവാൻ കഴിവുള്ളതാണു് ധർമ്മം. എന്നാൽ ഒന്നു് ഇവിടെ ഓർക്കേണ്ടതുണ്ടു്. ഉണ്ണാനും ഉടുക്കാനും കിടക്കാനും വേണ്ടതു കൊടുക്കുക മാത്രമല്ല ധർമ്മത്തിന്റെ ചുമതല. ചിലപ്പോൾ അധർമ്മത്തിനും ഇതെല്ലാം ഉണ്ടാക്കിക്കൊടുക്കുവാൻ സാധിച്ചേക്കാം. പിടിച്ചുപറിയും മോഷണവും ചിലപ്പോൾ ചിലർക്കു് ഇതെല്ലാം ഉണ്ടാക്കികൊടുക്കും. എന്നാൽ ധർമ്മമെന്നതു് മനുഷ്യനു് മരണാനന്തര ജീവിതത്തിനു് വിരോധമില്ലാത്തവണ്ണം—അനന്തരപ്രത്യാഘാതം ഉണ്ടാകാത്തവണ്ണം—ഐഹികശ്രേയസ്സിനെ കൊടുക്കുന്നതായിരിക്കണമെന്നുണ്ടു്. അങ്ങനെ അനന്തരപ്രത്യാഘാതമുണ്ടാക്കാത്തതേതെല്ലാമെന്നെങ്ങനെയാണറിയുക?

മൂന്നുവിധ പ്രമാണങ്ങളാലാണ് നാം സാധാരണയായി ശരിയും തെററും നിശ്ചയിക്കുന്നത്. അവയിൽ ഒന്നാമത്തേതു അനുഭവമാണ്; പ്രത്യക്ഷാനുഭവം. പ്രത്യക്ഷാനുഭവം ചിലപ്പോൾ, കള്ളകടിയന്മാരും പിടിച്ചു പറിക്കാരും, കള്ളയാധാരം നിൎമ്മിക്കുന്നവരും, ഏതു കള്ളക്കേസും വക്കാലത്തു പിടിച്ച് നീതീകരിക്കുന്നവരും സുഖമായി ജീവിക്കുന്നതായും മരിക്കുന്നതായും നമ്മെ പഠിപ്പിക്കുന്നു. അപ്പോൾ അങ്ങനെ ചെയ്യുന്നതു ധൎമ്മമാകുമോ? ഒരിക്കലുമല്ല! "മനസ്സാക്ഷിയനുസരിച്ചു് ജീവിക്കുന്നത് ധൎമ്മം. മനസ്സാക്ഷിവിട്ടു പ്രവൎത്തിക്കുന്നത് അധൎമ്മം." എന്നു ചിലർ പറയുന്നു. ഇതും ശരിയല്ല. മനുഷ്യമാംസം തിന്നു ജീവിക്കുന്ന കാനിബോൾ ജാതിക്കാരുടെ ഇടയിൽ "മററുവൎഗ്ഗത്തിലുള്ള എല്ലാ മനുഷ്യരും തങ്ങൾക്കാഹാരത്തിനു വേണ്ടിയുള്ളവരാണ്" എന്നൊരു വിശ്വാസമുണ്ട് അതുകൊണ്ട് അന്യമനുഷ്യരെ കൊന്നുതിന്നുന്നതിൽ അവരുടെ മനസ്സാക്ഷിക്കു യാതൊരുബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. അതുകൊണ്ട് മററു മനുഷ്യരെ കൊന്നു തിന്നുന്നത് ധൎമ്മമാണെന്നു വരുമോ? മനുഷ്യനു വേണ്ടിയാണു മററു സകല ജീവികളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും അതിനാൽ അവയെ കൊന്നു തിന്നുന്നത് അധൎമ്മമല്ലെന്നും ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു വിശ്വാസമുണ്ട്. ബുദ്ധമതക്കാരുടേയും ജൈനമതക്കാരുടേയും ഇടയിൽ എലിയേയും മൂട്ടയേയും കൊല്ലുന്നതുകൂടി പാപമാണെന്നാണ് വിശ്വാസം. ഓരോ വിശ്വാസത്തിലും വളൎന്നു വന്നവരുടെ മനസ്സാക്ഷി ഓരോ വിധത്തിലാണിരിക്കുന്നത്. ഇതുകൊണ്ടു് ജന്തുക്കളെ കൊന്നു തിന്നുന്നത് ധൎമ്മമെന്നോ അധൎമ്മമെന്നോ തീൎച്ചയാക്കേണ്ടതു്? കേരളത്തിൽ തന്നെ ഏതാനും വൎഷങ്ങൾക്കു മുമ്പ് ഈഴവർ, പുലയർ മുതലായ സമുദായങ്ങളിൽ ജനിച്ചവരെ സമീപിച്ചിട്ട് കുളിക്കാതെ വീട്ടിൽ കയറുന്നതും ഭക്ഷണം കഴിക്കുന്നതും പാപമാണെന്നും അതിനാൽ അവരെ വഴി നടക്കാൻ അനുവദിക്കരുതെന്നും ഒരു വിശ്വാസമുണ്ടായിരുന്നു. അന്ന് അങ്ങ

ന്നെയുള്ളവരെ വഴി നടക്കാൻ അനുവദിച്ചിരുന്നില്ല. വഴി നടക്കുന്നവരെ ഉപദ്രവിച്ചുമിരുന്നു. അതു അവരുടെ മനസ്സാക്ഷിപ്രകാരം തെററായിരുന്നില്ല. അതുകൊണ്ടു് അതു ധൎമ്മമോ അധൎമ്മമോ? ഇന്നു് അവരെ വഴിയാട്ടിയോടിക്കുന്നതു് അധൎമ്മമായി കരുതപ്പെടുന്നു. അതുകൊണ്ടു് മുമ്പു് അധൎമ്മമായിരുന്നതു് ഇന്നു ധർമ്മവും മുമ്പു് ധർമ്മമായിരുന്നതു് ഇന്നു അധർമ്മവും ആയോ? ഇങ്ങിനെ പല ദൃഷ്ടാന്തങ്ങളുണ്ടു്. അതുകൊണ്ടു് മനസ്സാക്ഷിയും ധർമ്മാധർമ്മ നിർണ്ണയത്തിനു് പ്രമാണമല്ല. നമ്മുടെ അനുഭവത്തിൽ ഇന്നു ശരിയെന്നു കാണുന്നതു് നാളെ തെറെറന്നു കാണുന്നു. അതിനാൽ അനുഭവത്തെ നോക്കിയും ധർമ്മാധർമ്മനിർണ്ണയം ചെയ്യുന്നതു് ശരിയല്ല.

യുക്തിയും അപ്രകാരംതന്നെ. അനുഭവത്തെ അടിസ്ഥാനമാക്കിയാണു് പ്രായേണ യുക്തിയുണ്ടാകുന്നതു്. "ലാജിക്" എന്ന തൎക്കശാസ്ത്ര അനുമാനം ഉണ്ടാക്കുന്നതെങ്ങിനെയാണു്? "ഈ കാക്ക കറുത്തതു്, ആ കാക്ക കറുത്തതു്; മറേറ കാക്ക കറുത്തതു്; അതിനാൽ എല്ലാ കാക്കയും കറുത്തതു്. "എ" ഒരു കാക്കയാകുന്നു. എല്ലാ കാക്കയും കറുത്തതാകയാൽ എ യും കറുത്തതാകുന്നു."

ഇതാണു് തൎക്കത്തിന്റെ അനുമാനത്തിന്റെ ഗതി. വെളുത്ത കാക്കയെന്നു പറഞ്ഞാൽ ഉടൻ ചിരിക്കുകയായി; കള്ളമായി. എന്തെന്നാൽ കാക്കയെന്നു പറഞ്ഞാൽ കറുത്തതെന്നാണു് തീൎപ്പു്. ഈ അനുമാനമാരംഭിക്കുന്നതു് അനുഭവത്തിൽ നിന്നാണു്. അനുഭവം ഇല്ലാത്തതും നമ്മുടെ നോട്ടം എത്താത്തുമായ വിഷയത്തിൽ തൎക്കത്തിനെങ്ങിനെ പ്രവേശമുണ്ടാകും? അനുഭവം തന്നെ മാറി മാറിയിരിക്കെ യുക്തിയുടെ കഥ പറയാനുണ്ടോ? യുക്തി ശരി തന്നെ കാണിക്കുമെന്നു് ഒരിക്കലും പറയാൻ കഴിയുകയില്ല. പല വ്യഭിചാരികളും വ്യഭിചാരം ചെയ്യുന്നതു് അവരുടെ യുക്തിക്കു് അതു ശരിയാണെന്നു് കരുതിയാണു്. ചില മദ്യപാനികൾ മദ്യ

പാനം ചെയ്യുന്നതു് അവരുടെ യുക്തിപ്രകാരം ശരിയാണെന്ന കരുതിയാണു്. ഇനി വേറൊരു ദൃഷ്ടാന്തം. ധാരാളം പണവും പഠിക്കുവാൻ ബുദ്ധിയും ഉണ്ടായിട്ടും വീട്ടുകാർ പിന്നേയും പിന്നേയും സ്കൂളിൽ അയച്ചിട്ടും ചില കുട്ടികൾ പഠിക്കാതെ നടക്കുന്നതു് അവരുടെ യുക്തിപ്രകാരം പഠിത്തം ആവശ്യമില്ലെന്നു് അപ്പോൾ തോന്നിയിട്ടാണു്. എന്നാൽ വളരെ കഴിഞ്ഞു് തങ്ങളുടെ അന്നത്തെ യുക്തിയുടെ പോക്കു തെററിപ്പോയെന്നറിഞ്ഞു് പശ്ചാത്തപിക്കുന്നെ എത്രയോ പേരുണ്ടു്? എന്തിനു്? മിക്കവരും വിവാഹബന്ധത്തിലേപ്പെടുന്നതു് താൻ വിവാഹം ചെയ്യുന്ന സ്ത്രീ സദ്ഗുണവതിയാണെന്നു തന്റെ യുക്തിപ്രകാരം ആലോചിച്ചു തീർച്ചപ്പെടുത്തിയിട്ടാണു്. അങ്ങനെ തന്റെ യുക്തിപ്രകാരം ഗുണവതിയെന്നുകണ്ടു് വിവാഹത്തിലേപ്പെട്ടശേഷം ആ സ്ത്രീ അങ്ങനെയല്ലെന്നു് പിന്നീട അനുഭവം കൊണ്ടറിഞ്ഞു വിവാഹ മോചനത്തിലേപ്പെടുന്നവരും ഭാര്യയുമായി എന്നും കലഹത്തിൽ കഴിയുന്നവരും ഭാര്യ നിമിത്തം എന്നും ക്ലേശം അനുഭവിക്കുന്നവരും ആയി എത്രയോ പേരുണ്ടു്. പരമാത്ഥത്തിൽ നടന്ന എത്രയോ കൊലക്കേസ്സുകൾ ബുദ്ധിമാനായ വക്കീലിന്റെ യുക്തിബലം നിമിത്തം ഉണ്ടായതല്ലെന്ന നീതിമാനും ബുദ്ധിമാനുമായ ജഡ്ജിക്കുപോലും വിശ്വാസം വന്നിട്ടു് വെറുതേ വിട്ടുന്നതായി നാം കാണുന്നു. ഇതിൽ നിന്നു് നാം എന്തു പഠിക്കുന്നു? യുക്തി എപ്പോഴും സത്യത്തിലേക്കു്—ശരിയിലേക്കു്—ധർമ്മാധർമ്മങ്ങളെ ശരിയായി തീർച്ചപ്പെടുത്തുന്നതിലേക്കു് നയിക്കണമെന്നില്ലെന്ന പഠിക്കുന്നു. യുക്തിതന്നെ നമ്മെപഠിപ്പിക്കുന്നതു് യുക്തി എപ്പോഴും ശരിയിലേക്കു് നയിക്കണമെന്നില്ലെന്നാണു്. പിന്നെ ധർമ്മാധർമ്മങ്ങളെ നിർണ്ണയിക്കുന്നതിനെന്താണു് പ്രമാണമെന്നാണെങ്കിൽ "സൂക്ഷ്മവ്യവഹിതവിപ്രകൃഷ്ടജ്ഞാനം (സൂക്ഷ്മവും മറഞ്ഞതും ദൂരെയിരിക്കുന്നതുമായതിന്റെയറിവു്) "അതീതാനാഗതജ്ഞാനം" എന്നിവയുള്ളവരുടെ വാക്യമാണു് പ്രമാണമെന്നാണുത്തരം—അങ്ങ

റെയുള്ളവരെയാണ് ഋഷിമാർ എന്നു പറയുന്നതു്. ഋഷിമാരെന്നാൽ ആൎയ്യന്മാരുടെ പുരോഹിതന്മാരെന്നാണ് ഇന്നത്തെ കുട്ടികൾ ഇൻഡ്യാ ചരിത്രത്തിൽ പഠിപ്പിക്കപ്പെടുന്നതു്. ഇതു് അബദ്ധമാണ്. "ആൎയ്യന്മാർ" എന്ന പദം ഒരു വൎഗ്ഗത്തെ (Race) കുറിക്കുന്നതേയല്ല. ആൎയ്യശബ്ദം ഋഗ്വേദത്തിൽ—ആൎയ്യന്മാർ കുടിയേറി പാൎത്തുവെന്നതിനു തെളിവുണ്ടെന്നുപറഞ്ഞു പ്രമാണമാക്കിയിരിക്കുന്ന ഗ്രന്ഥത്തിൽ—മുപ്പത്തിയെട്ടു പ്രാവശ്യമേ ഉപയോഗിച്ചിട്ടുള്ളു. ഇതിൽ ഒററ ദിക്കിലെങ്കിലും ഒരു വൎഗ്ഗത്തെ കുറിക്കുന്നതായി പ്രയോഗിച്ചിട്ടില്ല. ആൎയ്യനെന്നാൽ ശ്രേഷ്ഠൻ,—നാഥൻ എന്നെല്ലാമാണൎത്ഥം. അതിന്റെ വിപരീതപദം "ദാസൻ" എന്നുമാണ്. ഇന്ദ്രിയങ്ങളെ അടക്കിയവൻ അല്ലെങ്കിൽ അടക്കാൻ ശ്രമിക്കുന്നവൻ—ഇന്ദ്രിയനാഥൻ, സംസ്കാരസമ്പന്നൻ ആൎയ്യൻ. ദാസനെന്നാൽ ഇന്ദ്രിയസംയമനമില്ലാത്തവൻ—ഇന്ദ്രിയ സംയമനത്തിനു ശ്രമിക്കാത്ത ഇന്ദ്രിയ ദാസൻ—സംസ്കാരഹീനൻ എന്നാണൎത്ഥം. ദ്രാവിഡ ശബ്ദം ഋഗ്വേദത്തിൽ ഒററ ദിക്കിൽപോലും ഇല്ലതാനും

"വൃത്തേന ഹി ഭവത്യാൎയ്യോ ന ധനേന ന വിദ്യയാ"

എന്ന മഹാഭാരത വാക്യവും സ്മരണീയമാണ്. അതിനു പുറമേ എല്ലാ ഋഷിമാരും പുരോഹിതന്മാരായിരുന്നുമില്ല. ഉദാഹരണത്തിന് നാരദൻ, സനകൻ, വേദവ്യാസൻ മുതലായവരെ നോക്കുക! ഋഷ് ഗതൗ," ഋഷ് ധാതുവിന്ന് ഗതിയെന്നൎത്ഥം.

"പൃശ്നീൻ ഹ വൈ തപസ്യമാനാൻ ബ്രഹ്മ സ്വയം-
ഭ്വഭ്യാനൎഷത്തദൃഷീണാമൃഷിത്വം വിജ്ഞായതെ"

തപസ്വികളായ അവരുടെ അടുക്കൽ സ്വയംഭൂ ആയ ബ്രഹ്മം അഭിഗമിച്ചു എന്നതുകൊണ്ടാണ് ഋഷിമാൎക്ക് ഋഷിത്വമുണ്ടായതു്. ഋഷിയെന്നാൽ മന്ത്രദ്രഷ്ടാവു് "മനനാൽത്രായതേ" അഥവാ "മന്താരംത്രായതേ" ഇതിമന്ത്രം. "മനനം ചെയ്യുന്നവനെ രക്ഷിക്കുന്നതു്" അഥവാ "മനനം നിമിത്തം രക്ഷിക്കുന്നതു് മന്ത്രം" യാതൊന്നിനെ

മനനം ചെയ്താൽ മനുഷ്യന്ന് സംസാര ദുഃഖത്തിൽനിന്ന് രക്ഷകിട്ടുമോ അതു മന്ത്രം. അതായതു പ്രപഞ്ചതത്വം അഥവാ പ്രപഞ്ചരഹസ്യം യാതൊന്നു പഠിപ്പിക്കുന്നുവോ അതു മന്ത്രം. അങ്ങിനെ തത്വസ്വരൂപം അറിഞ്ഞവർ, ഈശ്വരാനുഭൂതിലഭിച്ചവർ ആണ് മഹർഷിമാർ.

"ദർശന വിശ്വദർശതം
ഏതാ ജുഷത മേ ഗിരഃ"
"തദ്വിഷ്ണോഃ പരമം പദം
സദാ പശ്യന്തിസൂരയഃ
ദിവീവ ചക്ഷുരാതതം"

(സകലരാലും കാണപ്പെടേണ്ടവനെ ഞാൻ കണ്ടു. എന്റെ ഈ വാക്കുകളെ അനുസരിക്കുവിൻ. കണ്ണു തുറന്ന് ആകാശത്തിലേക്ക് നോക്കിയാലെന്നപോലെ ജ്ഞാനികൾ വിഷ്ണുവിന്റെ ആ പരമപദത്തെ സദാകാണുന്നു). എന്ന് ഋഗ്വേദത്തിൽ പറയുന്നു. "വേദാഹമേതം പുരുഷംമഹാന്തമാദിത്യവർണ്ണം തമസഃ പരസ്താൽ" എന്ന് യജുസ്സ്. ഇപ്രകാരം തത്വദ്രഷ്ടാക്കളായി മന്ത്രദ്രഷ്ടാക്കളായി ഈശ്വരാനുഭൂതി ലഭിച്ച ഋഷിമാരുടെ വാക്യമാണ് പ്രമാണം. അവരെ ആപ്തന്മാരെന്നും പറയുന്നു. ചരിത്രത്തിനു നോട്ടം എത്താത്ത പ്രാചീനകാലം മുതൽ ഭാരതത്തിൽ ഋഷിമാരുണ്ടായിരുന്നു. "അഗ്നിഃ പൂർവ്വേഭിഃഋഷിഭിരീഡ്യോ നൂതനൈരുത" എന്ന ഋഗ്വേദമന്ത്രം അതിനും മുമ്പുള്ള ഋഷിമാരെ സ്മരിക്കുന്നു.

"ഇതി ശുശ്രുമ ധീരാണാം യേ നസ്തദ്വിചചക്ഷിരേ"

എന്ന് ഉപനിഷത്തുകളും പറയുന്നു. ആ ഋഷിമാർ ഈശ്വരാദേശം ലഭിച്ച് ജ്ഞാനികളായി പ്രത്യക്ഷപ്പെടുത്തിയ തത്വങ്ങളെ നിക്ഷേപിച്ചിരിക്കുന്ന ഗ്രന്ഥമാണ് വേദം. ത്രികാലജ്ഞന്മാരും ശുദ്ധസത്വന്മാരും അതിനാൽ കരണദോഷം ഇല്ലാത്തവരും ആയിരുന്നു ഋഷിമാർ. അവർക്ക് ലോകാന്തരങ്ങളെക്കുറിച്ചും അനേ

കായിരം വർഷങ്ങൾക്കുശേഷം ലോകത്തു സംഭവിക്കാൻ പോകുന്നതിനെപ്പററിയും ജ്ഞാനമുണ്ടായിരുന്നു. അവരുടെ വാക്കുകളാണ് ധർമ്മാധർമ്മങ്ങളിൽ ശരിയായ പ്രമാണം. അതുകൊണ്ടാണ് കണാദൻ അടുത്ത സൂത്രത്തിൽ "തദ്വചനാദാമ്നായസ്യ പ്രാമാണ്യം" (ധർമ്മാധർമ്മങ്ങളെപ്പററി പറയുന്നതുകൊണ്ടാണ് വേദത്തിനു പ്രാമാണ്യം) എന്നു പ്രസ്താവിച്ചത്. ഇതിൽനിന്ന് കണാദന്റെ അഭിപ്രായത്തിൽ ധർമ്മാധർമ്മങ്ങളുടെ പ്രമാണം വേദമാണെന്നു കിട്ടുന്നു. ജൈമിനി ധർമ്മത്തെ നിർവ്വചിക്കുന്നത്, "ചോദനാലക്ഷണോർത്ഥോ ധർമ്മഃ" (വേദത്താൽ അനുഷ്ഠേയമായി ആജ്ഞാപിക്കപ്പെടുന്നത് ധർമ്മം) എന്നാകുന്നു. "ധർമ്മം ജിജ്ഞാസമാനാനാം പ്രമാണം പരമംശ്രുതിഃ ശ്രുതിസ്തു വേദോ വിജ്ഞേയഃ" എന്നു മനു പറയുന്നു. "വേദോഖിലോ ധർമ്മമൂലം സ്മൃതിശീലേ ച തദ്വിദാം" എന്നുമുണ്ട് മനുവിൽ. "ശ്രുതിസ്മൃതിവിഹിതോ ധർമ്മഃ" എന്നു വസിഷ്ഠസ്മൃതി. "വേദോ ധർമ്മമൂലം—തദ്വിദാം ച സ്മൃതിശീലേ" എന്ന് ഗൗതമധർമ്മസൂത്രം. വേദമാണ് ധർമ്മത്തിൽ പരമപ്രമാണം. വേദത്തോടു യോജിക്കുന്ന സ്മൃതിയും ശിഷ്ടാചാരവും പ്രമാണമാണ്. ശിഷ്ടന്മാർ ആര്? "ശിഷ്ടഃ പുനരകാമാത്മാ" എന്നാണ് വസിഷ്ഠസ്മൃതി. അതായത് മനസ്സിൽ കാമമില്ലാത്തവൻ.

"ശിഷ്ടാഃ വേദപ്രാമാണ്യാഭ്യുപഗന്താരഃ" (വേദപ്രാമാണ്യത്തെ അംഗീകരിക്കുന്നവർ ശിഷ്ടന്മാർ) എന്നും പക്ഷമുണ്ട്. എന്തായാലും വേദമാണ് ധർമ്മത്തിൽ മുഖ്യ പ്രമാണം. ഋക്, യജുസ്സ്, സാമം അഥർവ്വം എന്നീ വേദങ്ങളാൽ വിധിക്കപ്പെടുന്നത് ധർമ്മം. സനാതനങ്ങളായ ധർമ്മതത്വങ്ങളെ ഈ വേദങ്ങൾ ഉപദേശിക്കുന്നു. ആ ധർമ്മതത്വങ്ങളെ അടിസ്ഥാനമാക്കി ജീവിച്ച ആചാര്യന്മാരേയും അവരുടെ ഉപദേശങ്ങളേയും ഉൾക്കൊള്ളുന്നതുകൊണ്ട് ഭാരതീയധർമ്മത്തിന് സനാതനധർമ്മമെന്നു പേരുണ്ടായി.

ഇവിടെ ഋക്, യജുസ്സ്, സാമം, അഥർവ്വം എന്നിവയാൽ പ്രതിപാദിക്കപ്പെടുന്നതു് ധർമ്മം എന്നു പറയുമ്പോൾ, "ബൈബിളിലും, ഖുറാനിലും, പിടകങ്ങളിലും അനുശാസിക്കുന്നതൊന്നും ധർമ്മമല്ലേ?" എന്ന ചോദ്യംവരാം. സനാതനധർമ്മ തത്വങ്ങൾ എന്നും സനാതനങ്ങൾ തന്നെ. എന്നാൽ അവയെ പലദേശത്തേക്കും പല കാലത്തേക്കും പററിയവിധം പലേതരം അധികാരികളെ ഉദ്ദേശിച്ചു് അതതു ദേശത്തു് ഓരോ കാലഘട്ടത്തിലുണ്ടായ ആചാര്യന്മാർ ഉപദേശിച്ചപ്പോൾ അതു പലേ മതങ്ങൾക്കും പലവിധ മതഗ്രന്ഥങ്ങൾക്കും ഇടയുണ്ടാക്കി. ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്ക മുമ്പു് പാലസ്റ്റയനിൽ വസിച്ച ജനങ്ങൾക്ക പററിയവിധത്തിൽ സനാതനധർമ്മ തത്വങ്ങളെ ക്രിസ്തു തന്റെ വിദ്യാവിഹീനരായ മുക്കവ ശിഷ്യന്മാൎക്കുപദേശിച്ചതു് ക്രിസ്തുമതത്തിനു കാരണമായി. പിന്നെയും അറുനൂറിൽപരം വർഷം കഴിഞ്ഞു് അറേബ്യയിലെ ജനങ്ങൾക്ക മനസ്സിലാകത്തക്കവണ്ണം മഹമ്മദു നബി ഉപദേശിച്ചപ്പോൾ അതു ഇസ്ലാം ആയി. ഇൻഡ്യയിൽതന്നെ രണ്ടായിരത്തി അഞ്ഞൂറു വർഷം മുമ്പു് മാമൂലുമാത്രം പിടിച്ചു് ഹൃദയത്തിനു് പ്രാധാന്യം കൊടുക്കാതെ ചടങ്ങുകളെ വലുതാക്കി പൗരോഹിത്യത്തിനു് പ്രാധാന്യം കല്പിച്ചു് ശാസ്ത്രങ്ങളെ സ്വേച്ഛാനുസരണം വ്യാഖ്യാനിക്കുന്ന ജനങ്ങൾ വർദ്ധിച്ചിരുന്ന കാലത്തു് ആ തത്വങ്ങൾ അന്നത്തെ ജനങ്ങളെ ധർമ്മമാൎഗ്ഗങ്ങളിലേക്കു് തിരിക്കത്തക്കവണ്ണം ഗൗതമബുദ്ധൻ വ്യാഖ്യാനിച്ചപ്പോൾ അതു ബുദ്ധമതമായി. ഇങ്ങനെയെല്ലാ മതങ്ങളും, ചരിത്രദൃഷ്ട്യാ നോക്കിയാലും വൈദിക ധർമ്മത്തിന്റെ പ്രതിധ്വനികളാണെന്നു കാണാൻ കഴിയും. "അങ്ങയുടെ മതം എന്തു്?" "My religion is that of which Christianity is an off-short and Buddsim is a Rebel child." എന്നു സ്വാമി വിവേകാനന്ദൻ മറുപടി പറഞ്ഞതു് ഇവിടെ ഓൎക്കേണ്ടതാണു്. "I thank you in the name

of the mother of religions" (ഞാൻ നിങ്ങളോടു മതങ്ങളുടെ മാതാവിൻെറ പേരിൽ കൃതജ്ഞതപറയുന്നു) എന്നു സ്വാമിജി അമേരിക്കയിലെ മതമഹാസഭയിൽ നടത്തിയ ഒന്നാമത്തെ പ്രസംഗത്തിലും പ്രസ്താവിക്കുന്നു.

ഈ ധർമ്മത്തെ സ്ഥാപിക്കുന്നതിനാണ് ഈശ്വരൻ യുഗംതോറും അവതരിക്കുന്നത്.

"യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത!

അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം.

ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗെ

"ധർമ്മം ക്ഷയിച്ച് അധർമ്മം അഭിവൃദ്ധിയെ പ്രാപിക്കുന്ന കാലത്തു ധർമ്മം സ്ഥാപിക്കാനായിട്ട് ഭഗവാൻ അവതരിക്കുന്നു" എന്നു ഗീത പറയുന്നു. ഈശ്വരൻ അവതരിക്കുന്നത് നമ്മുടെ പൂജവാങ്ങാനും, സ്തുതി കേൾക്കാനും, നാഗസ്വരം കേട്ടു രസിക്കുവാനും, വെടികെട്ടു കാണാനുമല്ല; അധർമ്മികളായ ദുര്യോധനാദികൾ ഭഗവാനെ സല്ക്കരിക്കാൻ തയ്യാറായിരുന്നിട്ടും അവരുടെ പൂജയെ ഭഗവാൻ സ്വീകരിച്ചില്ല. ഭഗവാൻ നമ്മോടാവശ്യപ്പെടുന്നത് ധാർമ്മിക ജീവിതം നയിക്കാനാണ്. അതിനുശേഷമാണ് പൂജയും പുഷ്പാഞ്ജലിയുമെല്ലാം. ഭഗവാൻ ഈലോകത്തേക്ക് ഗീതാദ്വാരാ ഒരു സന്ദേശം നല്കിയിരിക്കുന്നു. ആ സന്ദേശം നാം സ്വീകരിക്കാതെ നമ്മുടെ സല്ക്കാരം ഭഗവാൻ സ്വീകരിക്കുകയില്ല. കൗരവ സദസ്സിൽ ദൂതനായി ചെന്ന കൃഷ്ണനോട്,

"കസ്മാദന്നാനി പാനാനി വാസാംസി ശയനാനി ച

ത്വദർത്ഥമുപനീതാനി നാഗ്രഹീസ്ത്വം ജനാർദ്ദന !

...., ..., ..., ..., ..., ...

തത്ര കാരണമിച്ഛാമി ശ്രോതും ചക്രഗദാധര!

എന്നു ചോദിക്കുന്ന ദുര്യോധനനോട് ശ്രീകൃഷ്ണൻ പറയുന്ന മറുപടി ഇവിടെ ശ്രദ്ധേയമാണ്.

"കൃതാർത്ഥാ ഭുഞ്ജതെ ദൂതാഃ പൂജാം ഗൃഹ്ണന്തി ചൈവ ഹി
കൃതാർത്ഥം മാം സഹാമാത്യം സമർച്ചിഷ്യസി ഭാരത"
(ഉദ്യോഗപർവ്വം 91-ാം അദ്ധ്യായം)

എന്നാണാമറുപടി; ഭഗവാൻ യാതൊന്നിനുവേണ്ടി അവതരിക്കുന്നുവോ അതിനെ വകവയ്ക്കാതെ സ്തുതിക്കുന്നവൻ കപടഭക്തനാകുന്നു, ധാർമ്മികമായ ജീവിതം നയിച്ചാൽ മാത്രമേ ഭഗവാൻ പ്രസന്നനാകൂ. രാമാവതാരത്തിൽ, മനുഷ്യന്റെ മനസ്സിന് എത്രയും അഭികാമ്യമായ രാജ്യധനാദിയെ ബാല്യത്തിൽതന്നെ ത്യജിച്ചതും തന്റെ നിത്യസഹചാരിണിയായിരുന്ന് സകല ദുഃഖങ്ങളിലും പങ്കുകൊണ്ട ചാരിത്രമാതൃകയായ സീതയെ പൂർണ്ണഗർഭിണിയായിരിക്കെ വനത്തിലുപേക്ഷിച്ചതും ബാല്യംമുതൽ തന്നെപിരിയാതെ തന്റെ സകല ശുശ്രൂഷകളും ചെയ്യുകയും പതിനാലുവർഷം ഉറക്കമില്ലാതെ രാത്രി വില്ലുമമ്പുമായി കാവൽനിന്ന് തന്റേയും ഭാര്യയുടേയും ശരീരം രക്ഷിക്കുകയും ചെയ്ത ലക്ഷ്മണനെ പരിത്യജിച്ചതും ധർമ്മരക്ഷക്കു വേണ്ടിയാണ്. കൃഷ്ണാവതാരത്തിൽ കംസചാണൂരശിശുപാലാദികളെ വധിച്ചതും ഋഷിശാപം നിമിത്തമാക്കി തന്റെ പുത്രന്മാരെ വധിപ്പിച്ചതും ധർമ്മസംസ്ഥാപനത്തിനാണ്.

"നാഹം കാമാന്നസംരംഭാന്നദ്വേഷാന്നാർത്ഥകാരണാൽ
ന ഹേതുവാദാല്ലോഭാദ്വാ ധർമ്മം ജഹ്യാം കഥഞ്ചന"
(ഉദ്യോഗം 91)

എന്നു ഭഗവാൻ പറയുന്നതു നോക്കുക. യോഗിരാജനായ ശ്രീകൃഷ്ണൻ പാലു മോഷ്ടിച്ചുവെന്നും ഗോപികളുടെ വസ്ത്രം അപഹരിച്ചുവെന്നും പതിനാറായിരം സ്ത്രീകളെ വിവാഹംചെയ്തുവെന്നും പലരും കേട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹം ശരീരം ത്യജിച്ചതെങ്ങിനെയെന്ന് എത്രപേർ ആലോചിച്ചിട്ടുണ്ട്?

"മന്യേവനേർന്നനു ഗതോപ്യഗതം ഹി ഭാരം
യദ്യാദവം കുലമഹോ അവിഷഹ്യമാസ്തേ

നൈവാന്യതഃ പരിഭവോസ്യവിധായവേണു-
സ്തംബസ്യ വഹ്നിമിവ ശാന്തിമുപൈമി ധാമ''
(ഭാഗവതം ഏകാദശം)

എന്നാലോചിച്ചിട്ടാണ് ഭഗവാൻ ഋഷിമാരെക്കൊണ്ട് യദുകുലത്തെ ശപിപ്പിക്കുന്നതു്. ആ ശാപം തടക്കാൻ ഭഗവാനു കഴിവുണ്ടായിട്ടും അതു തടുത്തില്ല. ഇതു് ഉദ്ധവർ തന്നെ പറയുന്നു.

«ദേവദേവേശ യോഗേശ പുണ്യശ്രവണകീർത്തന
സംഹൃത്യൈതൽകുലം നൂനം ലോകം സന്ത്യക്ഷ്യതെ ഭവാൻ
വിപ്രശാപം സമർത്ഥോപി പ്രത്യഹന്ന യദീശ്വരഃ''
(ഭാഗവതം 11—6)

ഭഗവാൻ അതു സമ്മതിക്കുകയും ചെയ്യുന്നു.

''യദാത്ഥ മാം മഹാഭാഗ തച്ചികീർഷിതമേവ മേ
ബ്രഹ്മാ ഭവോ ലോകപാലാഃ സ്വർവാസം മേഭികാംക്ഷിണഃ
മയാ നിഷ്പാദിതം ഹ്യത്ര ദേവകാര്യമശേഷതഃ
യദർത്ഥമവതീർണ്ണോഹമംശേന ബ്രഹ്മണാർത്ഥിതഃ
കുലം വൈ ശാപനിർദ്ദഗ്ധംനംക്ഷ്യത്യന്യോന്യവിഗ്രഹാൽഃ
(ഭാഗവതം 11—7)

തൻെറ പുത്രന്മാരും, പൌത്രന്മാരും, സംബന്ധികളും പരസ്പരം അടിച്ചു മരിച്ചതു കണ്ട കൃഷ്ണനാകട്ടെ,

ഏവം സർവ്വേഷു നഷ്ടേഷു കുലേഷു സ്വേഷു കേശവഃ
അവതാരിതോ ഭുവോ ഭാര ഇതിമേനേƒവശേഷിതഃ

(ഇങ്ങിനെ തൻെറ കുലമെല്ലാം നശിച്ചപ്പോൾ ശേഷിച്ച കേശവൻ ഭൂമിയുടെ ഭാരം ഒതുക്കിയല്ലോ എന്നു വിചാരിച്ചു)
(ഭാഗവതം 11—30)

പിന്നീട്ട സുന്ദരസ്മിതവക്ത്രാബ്ജനായിരിക്കുന്ന ഭഗവാനെ ജര എന്ന കാട്ടാളൻ അമ്പെയ്യുന്നു. മാനെന്നു വിചാരിച്ചമ്പെയ്തു ശേഷം അടുത്തു വന്നപ്പോൾ ഭഗവാനെന്നറിഞ്ഞു വ്യസനിക്കുന്ന അയാളെ,

"കാമ വ്യൂഷകൃതോ മമ
"യാഹി ത്വം മദനുജ്ഞാതഃ
സ്വർഗം സുകൃതിനാം പദം"

(എന്റെ ഇഷ്ടമാണ് നീ ഈ ചെയ്തതു്. എന്റെ ആജ്ഞപ്രകാരം പുണ്യവാന്മാർക്കുള്ള സ്ഥാനമായ സ്വർഗ്ഗത്തേക്കു പൊയ്ക്കൊള്ളുക) എന്നനുഗ്രഹിച്ചു വിമാനത്തിൽ സ്വർഗ്ഗത്തേക്കയക്കുന്നു. അനന്തരം ഭഗവാൻ പിതാമഹനെ നോക്കി ആത്മാവിനെ ആത്മാവിൽ ചേർത്തു കണ്ണടയ്ക്കുന്നു. "പദ്മനേത്രേ ന്യമീലയൽ" അനന്തരം,

ലോകാഭിരാമാം സ്വതനും ധാരണാധ്യാനമംഗളം
യോഗധാരണയാഗ്നേയ്യാദഗ്ധ്വാ ധാമ സ്വകം യയൌ

ആഗ്നേയിയായ യോഗധാരണകൊണ്ടു് സ്വശരീരം ദഹിപ്പിച്ചിട്ടു് സ്വധാമം പ്രാപിക്കുന്നു. ഇവിടെ പണ്ഡിതന്മാർ "ദഗ്ധ്വാ" എന്നും "അദഗ്ധ്വാ" എന്നും പദം മുറിച്ചു തർക്കിയ്ക്കുന്നുണ്ടു്. ഇവിടെ "ദഗ്ധ്വാ" എന്നതാണ് ശരിയെന്നു ഭാഗവതത്തേക്കാളധികം ശ്രീശങ്കരാദികൾ പ്രാധാന്യം കല്പിച്ചിട്ടുള്ള വിഷ്ണുപുരാണം നോക്കിയാലറിയാം. മത്സ്യകൂർമ്മാദികളായ ഇതരാവതാരങ്ങളും ധർമ്മസംസ്ഥാപനത്തിനാണ്. അതിനാൽ വിഷ്ണുവിലോ രാമകൃഷ്ണാദ്യവതാരങ്ങളിലോ വിശ്വസിക്കുന്നവന്റെ മുഖ്യധർമ്മം ധർമ്മപരിപാലനമാണു്. ശൈവപക്ഷം നോക്കിയാലും ധർമ്മത്തിന്റെ പ്രാധാന്യം വെളിപ്പെടും.

ശിവന്റെ വാഹനം കാളയെന്നു പുരാണങ്ങളിൽ പറയുന്നു. ശിവക്ഷേത്രങ്ങളിലെല്ലാം കാളയെ പ്രതിഷ്ഠിച്ചിരിക്കുന്നതു കാണാം. ഈ കാള ഒരു പശു പ്രസവിച്ച മാംസമയക്കാളയല്ല. അതു ധർമ്മത്തിന്റെ പ്രതീകമാണു്.

"ശുദ്ധസ്ഫടികസങ്കാശോ ധർമ്മരൂപോ വൃഷഃ സ്മൃതഃ"
എന്നു ശൈവാഗമങ്ങളിലുണ്ടു്.

"വന്ദേ ധർമ്മവൃഷം വൃഷധ്വജരഥം തിർത്ഥാശ്രിതാംസംസദാ"

എന്നു ബ്രഹ്മാണ്ഡപുരാണത്തിൽ പറയുന്നു.

"തസ്മാദ്ധർമ്മഃ സദാശംഭോർവൃഷരൂപേണ വാഹനം"

എന്നു സ്കാന്ദപുരാണം.

"വർഷണാൽ സർവ്വകാമാനാം വൃഷഭഃ; ധർമ്മരൂപതയാ സർവ്വകാമപ്രദതയാൽ" എന്നു ശിവതത്വരഹസ്യത്തിൽ അപ്പയ്യദീക്ഷിതർ പറയുന്നു. ഈ ധർമ്മമാകുന്ന കാളയുടെ പുറത്താണ് ശിവൻ എല്ലായിടത്തും പോകുന്നത്. അതായത് ധർമ്മമുള്ളിടത്തേ ശിവൻ വസിക്കുവെന്നർത്ഥം. "യതോധർമ്മസ്തതഃ കൃഷ്ണഃ" എന്നു ഭാരതത്തിലുമുണ്ട്. ധർമ്മമുള്ളിടത്തേ ഈശ്വരശക്തി വിളങ്ങൂ; ഈശ്വരാനുഗ്രഹമുണ്ടാകൂ. ഇതിൽ നിന്നെല്ലാം ധർമ്മത്തിന്റെ പ്രാധാന്യം സ്പഷ്ടമാണ്.

ഇനിയൊന്നുകൂടി പറയാം. ഗീതയുടെ സന്ദേശം ഭക്തിയാണെന്നും, ജ്ഞാനമാണെന്നും, കർമ്മമാണെന്നും, യോഗമാണെന്നും ആളുകൾ വാദിയ്ക്കുന്നു. ഇതെല്ലാമാണെന്നുള്ളതാണ് സത്യം. ഗീത പഠിപ്പിക്കുന്നതു സ്വധർമ്മനിഷ്ഠയാണ്. ഭഗവാന്റെ അവതാരോദ്ദേശ്യം ധർമ്മസംസ്ഥാപനമാണെന്നു ഭഗവാൻ തന്നെ പറഞ്ഞിട്ടുണ്ടല്ലോ. അർജ്ജുനൻപോലും ഭഗവാനെ ശരണം പ്രാപിക്കുന്നതു്, 'പൃച്ഛാമി ത്വാം ധർമ്മസംമൂഢചേതാഃ" എന്നു പറഞ്ഞാണ്. (ധർമ്മമെന്തെന്നറിയാതെ ഞാൻ അങ്ങയോടു ചോദിക്കുന്നു)

"സ്വധർമ്മേ നിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ"

"സ്വധർമ്മമപി ചാവേക്ഷ്യ ന വികമ്പിതുമർഹസി"

"ധർമ്മ്യാദ്ധിയുദ്ധാച്ഛ്രേയോന്യൽ ക്ഷത്രിയസ്യ ന വിദ്യതെ"

"സ്വെസ്വെകർമണ്യഭിരതഃ സംസിദ്ധിം ലഭതെ നരഃ"

"സ്വകർമണാ തമഭ്യർച്ച്യ സിദ്ധിം വിന്ദതി മാനവഃ"

എന്നെല്ലാം അടിയ്ക്കടി പറയുന്നു. അർജ്ജുനനും ഒടുവിൽ പറഞ്ഞവസാനിപ്പിക്കുന്നതു്,

"നഷ്ടോമോഹഃ സ്മൃതിർല്ലബ്ധാ ത്വൽപ്രസാദാന്മയാച്യുത!
സ്ഥിതോസ്മി ഗതസന്ദേഹഃ കരിഷ്യേ വചനം തവ"

(ഞാൻ അങ്ങയുടെ കൃപയാൽ അജ്ഞാനം നീങ്ങി ഓർമ്മവരുകനിമിത്തം അങ്ങയുടെ വാക്കനുസരിച്ചു പ്രവൎത്തിക്കാം) എന്നാണു്. അതായതു് സ്വധർമ്മം അനുഷ്ഠിക്കാമെന്നർത്ഥം. ക്ഷത്രിയനായതുകൊണ്ടും യുദ്ധക്കളത്തിൽ തയ്യാറായിവന്നു നില്ക്കുകൊണ്ടും സ്വധർമ്മം ഇവിടെ യുദ്ധമാണു്. അതു ചെയ്യാമെന്നർത്ഥം. ഇങ്ങനെ ഗീതയും ധർമ്മത്തിന്റെ സന്ദേശമാണു് നൽകുന്നതു്. "ധർമ്മോ രക്ഷതി രക്ഷിതഃ" എന്നു ഭാരതത്തിൽ പലപ്രാവശ്യം ആവൎത്തിച്ചാവൎത്തിച്ചു പറഞ്ഞിട്ടുണ്ടു്.

പുരുഷാൎത്ഥങ്ങളിൽവച്ചു സൎവ്വപ്രാധാന്യവും ധർമ്മത്തിനാണു്.

"ന ജാതു കാമാന്ന ഭയാന്ന ലോഭാൽ
ധൎമ്മം ത്യജേജ്ജീവിതസ്യാപി ഹേതോഃ
ധൎമ്മോ നിത്യഃ സുഖദുഃഖേ ത്വനിത്യേ
ജീവോ നിത്യോ ഹേതുരസ്യ ത്വനിത്യഃ"

എന്നു ഭാരതസാവിത്രീപദ്യത്തിൽ ധൎമ്മത്തെയാണു് വലുതായി പ്രശംസിച്ചിട്ടുള്ളതു്.

"ഊൎദ്ധ്വബാഹുർവിരൌമ്യേഷ
ന ച കശ്ചിച്ഛൃണോതി മേ
ധൎമ്മാദർത്ഥശ്ച കാമശ്ച
സ കിമർത്ഥം ന സേവ്യതെ ?"

"കൈ രണ്ടും പൊക്കിപ്പിടിച്ചു ഞാൻ ഉറച്ചു വിളിച്ചു പറയുന്നു; എന്നിട്ടും ആരും കേൾക്കുന്നില്ല. ധൎമ്മത്തിൽനിന്നാണു് അർത്ഥവും കാമവും ഉണ്ടാകുന്നതു്. അതിനെ എന്തുകൊണ്ടു സേവിയ്ക്കുന്നില്ല?" എന്നു വ്യാസൻ ചോദിയ്ക്കുന്നു.

"യത്രവിപ്രതിപത്തിഃ സ്യാദ്ധൎമ്മശാസ്ത്രാർത്ഥശാസ്ത്രയോഃ
അർത്ഥശാസ്ത്രോക്തമുൽസൃജ്യ ധൎമ്മശാസ്ത്രോക്തമാചരേൽ"

അതായതു് "അർത്ഥശാസ്ത്രോപദേശവും, ധർമ്മശാസ്ത്രോപദേശവും തമ്മിൽ വൈരുദ്ധ്യം കാണുന്നിടത്തു അർത്ഥശാസ്ത്രോപദേശത്തെ ത്യജിച്ചു് ധർമ്മശാസ്ത്രോപദേശത്തെ സ്വീകരിച്ചുകൊള്ളണം" എന്നു നാരദീയമനുസംഹിതയിൽ പറയുന്നു. ധർമ്മമുണ്ടെങ്കിൽ അർത്ഥവും കാമവും (സുഖവും) സിദ്ധിക്കുമെന്നു വ്യാസൻ പറയുന്നതിൽ നിന്നു് ധർമ്മാർത്ഥകാമങ്ങളിൽവച്ചു ധർമ്മത്തിനാണു് പ്രാധാന്യമെന്നു സ്പഷ്ടമല്ലേ ?

"ധർമ്മാവിരുദ്ധോ ഭൂതേഷു കാമോഽസ്മി ഭരതർഷഭ"

എന്നു ഭഗവാനും ഗീതയിൽ പ്രസ്താവിക്കുന്നു. ഇനി മോക്ഷമെടുക്കാം. മോക്ഷമാണു പരമപുരുഷാർത്ഥമെന്നതു ശരിതന്നെ. എന്നാലും അതിന്നാവശ്യമായ ജ്ഞാനമോ ഭക്തിയോ ചിത്തശുദ്ധി കൂടാതെയുണ്ടാകയില്ല. ചിത്തശുദ്ധിയാകട്ടെ സ്വധർമ്മരൂപമായ കർമ്മം അനുഷ്ഠിക്കാതെ ലഭ്യമല്ല. അതുകൊണ്ടാണു്,

"യോഗിനഃ കർമ്മ കുർവന്തി സംഗം ത്യക്ത്വാത്മശുദ്ധയേ"
"ന കർമ്മണാമനാരംഭാന്നൈഷ്കർമ്മ്യം പുരുഷോഽശ്നുതേ"

എന്നു ഗീത.

"ജ്ഞാനേന കർമ്മണാ യോഗഃ കഥം സിദ്ധ്യതി വൈരിണാ
സഹയോഗോ ന ഘടതേ യഥാ തിമിരതേജസോഃ"

"ജ്ഞാനകർമ്മണോർവിരോധം പർവതവദകമ്പ്യം ന സ്മരസി കിം ?" ജ്ഞാനവും കർമ്മവും തമ്മിൽ ഇരുട്ടും വെളിച്ചവും പോലെ ഒരിക്കലും ഒന്നിച്ചു ചേർന്നിരിക്കയില്ല" എന്നു നിർബ്ബന്ധമായി പറയുന്ന ശങ്കരൻ തന്നെ ഈ ജന്മത്തോ പൂർവ്വജന്മങ്ങളിലോ കർമ്മം ചെയ്യാതെ ഒരിക്കലും നൈഷ്കർമ്മ്യം സിദ്ധിക്കയില്ലെന്നു ഗീതാഭാഷ്യത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ കർമ്മം സ്വധർമ്മാനുഷ്ഠാനമാണു്. അതിനാൽ പുരുഷാർത്ഥങ്ങളുടെയെല്ലാം ചുവടു് ധർമ്മമാണെന്നു സിദ്ധിക്കുന്നു.

ഇനി ഇത്രമഹിമയേറിയ ധർമ്മത്തിന്റെ സ്വരൂപവും അതു് എങ്ങനെ ഇന്നത്തെ പ്രധാനപ്രശ്നങ്ങൾക്കു പരിഹാരം നൽകുമെന്നും നോക്കാം.

ധർമ്മത്തെ ഒരു കാളയായിട്ടാണ് ഋഷിമാർ ചിത്രീകരിച്ചിട്ടുള്ളതെന്നു പറഞ്ഞല്ലോ. അതിനു നാലു കാലുണ്ട്. ഈ നാലു കാലുകൾ തപസ്സ്, ശൌചം, ദയാ, സത്യം എന്നിവയാണ.

"തപഃ ശൌചം ദയാ സത്യമിതി പാദാഃ പ്രകീർത്തിതാഃ"
(ഭാഗവതം 1—17)

കൃതെ പ്രവർത്തതെ ധർമ്മശ്ചതുഷ്പാത്തജ്ജനൈർധൃതഃ
സത്യം ദയാ തപോ ദാനമിതിപാദാ വിഭോർനൃപ!
(ഭാഗവതം XII 2—18)

ഈ നാലിനും ഇന്നു കേടുവന്നിരിക്കയാണ്. ഭാഗവതത്തിലെ ഒന്നാം സ്കന്ധം പതിനേഴാമദ്ധ്യായത്തിൽ പരീക്ഷിത്തു വൃഷരൂപിയായ ധർമ്മത്തെ രാജവേഷധാരിയായ ഒരു ശൂദ്രൻ അടിക്കുന്നതായും ആ കാളയുടെ പാദങ്ങൾക്കെല്ലാം കേടുവന്നിരിക്കുന്നതായും കണ്ടതായി പറയുന്നുണ്ട്. അതു ശരിയാണ്. ധർമ്മക്ഷയമാണ് ഇന്നത്തെ ആപത്തിനെല്ലാം കാരണം. ഇന്ന് അർത്ഥകാമങ്ങൾ മാത്രം പുരുഷാർത്ഥങ്ങളായി ജനങ്ങൾ കല്പിച്ചുവരുന്നു. "പണം" "പണം" എന്ന ചിന്തയല്ലാതെ ഇന്നു ജനങ്ങൾക്കില്ല.

"യസ്യാസ്തി വിത്തം സ നരഃ കുലീനഃ
സ പണ്ഡിതഃ സ ശ്രുതവാൻ ഗുണജ്ഞഃ
സ ഏവ വക്താ സ ച ദർശനീയഃ
സർവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തെ"

എന്ന ധനവന്മാഹാത്മ്യവർണ്ണന ഇന്ന് അക്ഷരംപ്രതി ശരിയായിട്ടുണ്ട്. എങ്ങനെയായാലും പണമുണ്ടാക്കണമെന്ന ഏകചിന്തയെ ജനങ്ങൾക്കുള്ളൂ. പണമെന്തിന്? ഭോഗങ്ങൾക്കായിട്ട് അതായതു കാമത്തിന്. അതിന്റെ ഫലമെന്ത്?

"വാസോന്നപാനശയനവ്യവായസ്നാനഭൂഷണൈഃ
ഹീനാഃ പിശാചസന്ദർശാ ഭവിഷ്യന്തി കലൌ പ്രജാഃ"
(ഭാഗവതം XII 3—40)

എന്നു പറഞ്ഞതു് അക്ഷരംപ്രതി ശരിയായി വരുന്നു. ഉടുകൾക്കുടുക്കാൻ മുണ്ടില്ല. ഉണ്ണാനും കുടിയ്ക്കാനുമില്ല. കയറിക്കിടക്കാൻ സ്ഥലമില്ല. വൃത്തിയായി കുളിക്കണമെന്നില്ല. കുടിയ്ക്കാനും കുളിയ്ക്കാനും വേണ്ടത്ര വെള്ളമില്ല. ആഭരണമില്ല; സ്വർണ്ണമുണ്ടെങ്കിലല്ലേ ഉണ്ടാകൂ? കാഴ്ചയിൽ പിശാചുക്കളെപ്പോലെ ഇരിക്കും. എത്ര ശരിയായിരിക്കുന്നു ഇതു്.

ഈ പാദങ്ങൾ വീണ്ടും പുനഃസ്ഥാപിക്കാമെങ്കിൽ മാത്രമേ ഭൂമി ഐശ്വര്യവതിയാകയുള്ളു. വൃഥാ പ്രസംഗംകൊണ്ടു ഫലമില്ല. ഒന്നാമത്തു തപസ്സു്. തപസ്സെന്നാൽ പട്ടിണിയെന്നല്ല അർത്ഥം.

“നിവൃത്തരാഗസ്യ ഗൃഹം തപോവനം
ഗൃഹേഷു പഞ്ചേന്ദ്രിയനിഗ്രഹസ്തപഃ.”

ആയിരം വർഷം ഒററക്കാലിൽനിന്നു വായു ഭക്ഷിച്ചും മററും ചെയ്തതായി പുരാണങ്ങളിൽ പറയപ്പെടുന്ന തപസ്സു് അതിശയോക്തിയാണെന്നാണു് എനിയ്ക്കു തോന്നുന്നതു്. ആകട്ടെ, അല്ലാതിരിയ്ക്കട്ടെ. അതു് ഇന്നത്തേക്കു പററിയതല്ല. “കലൌ അന്നഗതപ്രാണഃ” എന്നുണ്ടു്. ഇന്നു് ആരോഗ്യം ആഹാരത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ആരോഗ്യമുണ്ടെങ്കിലല്ലേ ഈശ്വരനെ ഭജിയ്ക്കാൻ സാധിക്കൂ? അതുകൊണ്ടായിരിക്കണം കലിയുഗത്തിന്റെ ആരംഭത്തിൽ ഈശ്വരൻ ശ്രീകൃഷ്ണനായവതരിച്ചു് ഗീതാവഴി ഈ യുഗത്തിലേക്കു വേണ്ട തപസ്സെന്തെന്നു വ്യാഖ്യാനിച്ചതു്. ഗീതയിൽ തപസ്സിനെ ശാരീരം, വാചികം, മാനസം എന്നു മൂന്നായി തരം തിരിച്ചിരിക്കുന്നു.

“ദേവദ്വിജഗുരുപ്രാജ്ഞപൂജനം ശൌചമാർജവം
ബ്രഹ്മചര്യമഹിംസാ ച ശാരീരം തപ ഉച്യതേ
അനുദ്വേഗകരം വാക്യം സത്യം പ്രിയഹിതം ച യൽ
സ്വാധ്യായാഭ്യസനം ചൈവ വാങ്മയം തപ ഉച്യതേ
മനഃപ്രസാദഃ സൌമ്യത്വം മൌനമാത്മവിനിഗ്രഹഃ
ഭാവസംശുദ്ധിരിത്യേതൽ തപോ മാനസമുച്യതേ”

ദേവന്മാർ, വേദനിഷ്ഠന്മാർ, ഗുരുക്കന്മാർ, ജ്ഞാനികൾ എന്നിവരെ പൂജിക്കുന്നതും ശുചിത്വവും കുടിലതയില്ലായ്മയും ബ്രഹ്മചര്യവും അഹിംസയുമാണു ശാരീരതപസ്സ്. സത്യവും പ്രിയവും ഹിതവും ആർക്കും പീഡയുണ്ടാക്കാത്തതുമായ വാക്ക് പറയുന്നതും മതഗ്രന്ഥപാരായണവുമാണ് വാക്കുകൊണ്ടുള്ള തപസ്സ്. മനഃപ്രസാദം, സൌമ്യത, സ്ഥിരത, മനസ്സിനെ അടക്കുക, ഭാവശുദ്ധി എന്നിവയാണ് മനസ്സുകൊണ്ടുള്ള തപസ്സ്. ഇവ അനുഷ്ഠിക്കാൻ കാട്ടിൽ പോകേണ്ടതില്ല. വീടുപേക്ഷിക്കേണ്ടതില്ല. ഗീതയിൽ സത്യവും കൂടി തപസ്സിൽ ഉൾപ്പെടുത്തിയെന്നു മാത്രം. ഇന്ദ്രിയങ്ങളെ അടക്കുന്നതാണ് ഏതായാലും തപസ്സിന്റെ പ്രധാന അംശം. മുൻപറഞ്ഞ ഏതനുഷ്ഠിക്കാനും ഇന്ദ്രിയസംയമനം കൂടിയേ കഴിയുവല്ലോ. ഇന്ദ്രിയങ്ങളിൽവച്ച് അടക്കാൻ പ്രയാസമുള്ളത് നാക്കും ഉപസ്ഥവുമാണ്.

"പൃഥിവ്യാം യാനി ഭൂതാനി ജിഹ്വോപസ്ഥനിമിത്തകം
ജിഹ്വോപസ്ഥപരിത്യാഗേ പൃഥിവ്യാം കിം പ്രയോജനം?"

എന്നാണ് മഹാന്മാർ ചോദിക്കുന്നത്. ആഹാരനിയന്ത്രണവും ഉപസ്ഥനിയന്ത്രണവും തപസ്സിന്റെ ഏററവും പ്രധാനാംശങ്ങളാണ്. ഇന്ന് ഒരുവൻ നാലുപേരുടെ തീററിതിന്നും. എത്ര പ്രാവശ്യമാണ് ഇന്ന് മനുഷ്യർ ആഹാരം കഴിക്കുന്നത്! ഏഴും എട്ടും പ്രാവശ്യം. ശാസ്ത്രങ്ങൾ രണ്ടുനേരത്തെ ആഹാരമാണ് വിധിച്ചിട്ടുള്ളത്. കലിയുഗത്തിൽ,

"ഹ്രസ്വകായാ മഹാഹാരാ ഭൂയിഷ്ഠപത്യാ ഗതഹ്രിയഃ

എന്നു ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നതെത്ര ശരിയായിരിക്കുന്നു. ഞാൻ ഇപ്പോൾ അമ്പത്തിയാറു കൊല്ലം ഭൂമിയിൽ ജീവിച്ചു. ആറേഴ വയസ്സുമുതൽ ജനങ്ങളുടെ ജീവിതത്തെ നിരീക്ഷിക്കുവാൻ തുടങ്ങി. മുമ്പു ബ്രാഹ്മണർ രണ്ടുപ്രാവശ്യവും മററുള്ളവർ മൂന്നു നേരവും മാത്രമാണ് ആഹാരം കഴിച്ച് ജീവിച്ചു വന്നത്.

അവൾക്കു് ആരോഗ്യത്തിന് യാതൊരു കുറവും ഉണ്ടായിരുന്നില്ല. എന്റെ വൃദ്ധനായ മാതുലൻ മരിക്കുമ്പോൾ എഴുപതു വയസ്സുണ്ടു്. അദ്ദേഹത്തിന്റെ മാതാവു മരിക്കുമ്പോൾ അവൾക്കു എഴുപതിയഞ്ചു വയസ്സുണ്ടായിരുന്നു. ആ അമ്മ, മരണത്തിന് ഒരു മാസം മുമ്പുവരെ കുഡുംബത്തിലെ ജോലികൾ ചെയ്തിരുന്നു. അമ്മാവൻ മരിക്കുന്നതിന് ഒരുമാസം മുമ്പുകൂടിയും ചില ദിവസം പത്തൊമ്പതു് ഇരുപതു് മൈൽ നടന്നിരുന്നു. അദ്ദേഹം അങ്ങിനെ യാത്രചെയ്യുമ്പോഴും രണ്ടുനേരമേ ഭക്ഷണം കഴിച്ചിരുന്നൊള്ളു. ചുരുക്കം ചില ദിവസങ്ങളിൽ ഒടുവിലായപ്പോൾ പകലേ കാപ്പി കുടിക്കുന്നതു കണ്ടിട്ടുണ്ടു്. അവരാരും ബെഡ് കാഫി കുടിച്ചിരുന്നില്ല. പത്തു മണിക്കുമുമ്പ് ആഹാരം കഴിച്ചിരുന്നില്ല. ഇന്ന് കുട്ടികൾക്ക് ബെഡ് കാഫിയില്ലാതെ വയ്യ. പിന്നൊരു കാപ്പിയും പലഹാരവും പിന്നൊരു കാപ്പി, പിന്നൊരു ഊണ്, പിന്നൊരു കാപ്പി, പന്തുകളി കഴിഞ്ഞു് പിന്നൊരു കാപ്പി, പിന്നൊരു ഊണ്, പിന്നൊരു കാപ്പി, ഇടയ്ക്കിടയ്ക്ക് സ്നേഹിതന്മാരെ കാണുമ്പോഴെല്ലാം കാഫി. ഇതിനു പുറമെ ധൂമപാനവും ദിവസം മുപ്പതു് നാല്പതു പ്രാവശ്യം. ഇവരാണത്രെ പുരോഗമിച്ചവർ; പരിഷ്കൃതന്മാർ! ഭോഗസാമഗ്രികളുടേയും പരിവാരങ്ങളുടേയും എണ്ണം വർദ്ധിപ്പിക്കുന്നതിലാണ് സുഖം ഇരിക്കുന്നതെന്നു് വെറുതെ ധരിക്കുകയാണ്.

"യാവതഃ കുരുതേ ജന്തുഃ സംബന്ധാൻ മനസഃ പ്രിയാൻ
താവന്തോസ്യ നിഖന്യന്തേ ഹൃദയേ ശോകശങ്കവഃ"

എന്നു് പ്രഹ്ലാദൻ പറയുന്നതു് എത്ര സത്യമാണു്. ഒരു പുത്രനുള്ളവനേക്കാൾ രണ്ടു പുത്രനുള്ളവനു് ദുഃഖംകൂടും. രണ്ടുള്ളവനേക്കാൾ മൂന്നുള്ളവനു്. പത്തു പറയുള്ളവനേക്കാളധികം ദുഃഖം നൂറു പറയുള്ളവനു്. രണ്ടു മുണ്ടുള്ളവനേക്കാളധികം നാലു മുണ്ടുള്ളവനു്. "രണ്ടുടുപ്പും രണ്ടുമുണ്ടും നിങ്ങൾ കരുതരുതു്" എന്നു് കൃസ്തുപറഞ്ഞതു് വെറുതെയല്ല. മുമ്പൊക്കെ എനിക്കു കുളിക്കാൻ ചൂടുവെള്ളം വേണ

മായിരുന്നു. അന്നു് എനിക്കു് എന്തു രാസ്യമായിരുന്നെന്നോ? കുളിക്കാൻ മറവുള്ളവരുടെ സൌകര്യം നോക്കണം; സഹായം വേണം. ഇന്നു് അതുവേണ്ട. എപ്പോഴും എവിടെ വേണമെങ്കിലും, വഴിയാത്രയിൽ വഴിമദ്ധ്യേപോലും കുളമോ കിണറോ കണ്ടാൽ കുളിക്കാം. എന്തു സ്വാതന്ത്ര്യം! എന്തു സുഖം!

"സർവ്വം പരവശം ദുഃഖം സർവ്വം ആത്മവശം സുഖം"

നമ്മുടെ പൂർവ്വികന്മാർ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. അവർ പറയുന്നു:—

"സുരമന്ദിരതരുമൂലനിവാസഃ
ശയ്യാ ഭൂതലമജിനം വാസഃ
സർവ്വപരിഗ്രഹഭോഗത്യാഗഃ
കസ്യ സുഖം ന കരോതി വിരാഗഃ"

"ചിന്താശൂന്യമദൈന്യഭൈക്ഷ്യമശനം
പാനം സരിദ്വാരിഷു
സ്വാതന്ത്ര്യേണ നിരങ്കുശാ സ്ഥിതിരഭീ-
ർന്നിദ്രാ ശ്മശാനെ വനെ
വസ്ത്രം ക്ഷാളനശോഷണാദിരഹിതം
ദിഗ്വാസ്തു ശയ്യാ മഹീ
സഞ്ചാരോ നിഗമാന്തവീഥിഷു വിദാം
ക്രീഡാ പരെ ബ്രഹ്മണി"

എന്നു്. "പുത്രാദപി ധനഭാജാം ഭീതിഃ"

"സർവ്വം വസ്തു ഭയാന്വിതം ഭുവി നൃണാം
വൈരാഗ്യമേവാഭയം"

ആവശ്യങ്ങൾ എത്ര ചുരുക്കാമോ അത്രയും ചുരുക്കിയവരാണു് സ്വതന്ത്രന്മാർ; അവരാണു് സുഖികൾ. ഇതു ഇന്നത്തെ ചെറുപ്പക്കാർ അറിയുന്നില്ല. ഒരുവൻ നാലുപേരുടെ തീറ്റി തിന്നാൽ ക്ഷീണക്ഷാമം എങ്ങിനെ നീങ്ങും? ഭൂമിയിൽ എത്ര ഉല്പാദിപ്പിച്ചാലും

അതിന്നൊരതിരില്ലേ? തപസ്സിൽവച്ചു് ഏററവും പ്രധാന്യം ഉപ സ്ഥേന്ദ്രിയനിഗ്രഹരൂപമായ ബ്രഹ്മചര്യത്തിനാണ്. "ബ്രഹ്മചര്യം പരം പ്രാഹുസ്തപസാം തപ ഉത്തമം" എന്നുണ്ടു്.

"ആജന്മമരണാദ്യസ്തു ബ്രഹ്മചാരീ ഭവേദിഹ
ന തസ്യകിഞ്ചിദപ്രാപ്യമിതി വിദ്ധി നരാധിപ!"

എന്നാണ് ബ്രഹ്മചര്യമാതൃകയായ ഭീഷ്മപിതാമഹൻ പറ യുന്നതു്. ജനനം മുതൽ മരണം വരെ ബ്രഹ്മചാരിയായി ജീവി ക്കുന്നവന് ഈ ലോകത്തു് അസാദ്ധ്യമായൊന്നുമില്ല എന്നത്ഥം.

"ബ്രഹ്മചര്യേണ തപസാ ദേവാ മൃത്യുമുപാഘ്നത"

"ബ്രഹ്മചര്യരൂപമായ തപസ്സുകൊണ്ടു് ദേവന്മാർ മൃത്യുവി നെ ഇല്ലാതാക്കി" എന്നു് അഥർവ്വണവേദത്തിൽ പറയുന്നു. ബ്രഹ്മ ചര്യമാണ് ഇൻഡ്യയുടെ ജീവൻ. ബ്രഹ്മചര്യം പരിശീലിപ്പി ക്കാൻ ഒരു ആശ്രമം തന്നെയുണ്ടു്. 'അതിൽ കച്ചകെട്ടാത്തവരാണ് ശൂദ്രരായി തള്ളപ്പെട്ടിരുന്നതു്. നിങ്ങൾ ബ്രാഹ്മണർക്കെന്തുകൊണ്ടാ ണ് മേന്മ കല്പിച്ചിരുന്നതെന്നു് ചോദിച്ചേക്കാം. ഒരു കാലത്തു് മു പ്പത്തിയാറ വഷം ഗുരുകുലത്തിൽ വസിച്ചു് അവർ ബ്രഹ്മചര്യം അനുഷ്ഠിച്ചുവന്നു.

"ഷട്ത്രിംശദാബ്ദികം ചര്യം ഗുരൌ ത്രൈവേദികം സ്മൃതം"
എന്നു് മനു പറയുന്നു.

"അഷ്ടാചത്വാരിംശദ്വഷാണി പരാണം വേദബ്രഹ്മചര്യം"

എന്നു് ഹാരീതസ്മൃതി. അതായതു് നാല്പത്തിയെട്ടു വർഷം ഗുരുകുലവാസത്തോടുകൂടിയ ബ്രഹ്മചര്യം. എന്നു മുതൽ ? എട്ടാം വയസ്സു മുതൽ. പിന്നീടേ വിവാഹം വിധിച്ചിരുന്നൊള്ളൂ. ഇതു കേട്ടാൽ നിങ്ങൾ ചിരിച്ചേക്കാം. നാല്പത്തിനാലാമത്തെ വയസ്സി ലും അമ്പത്തി ആറാമത്തെ വയസ്സിലുമാണോ,വിവാഹമെന്നു് ചോ ദിച്ചേക്കാം. അതെ! നൂററി ഇരുപതു വഷത്തെ ആയുസ്സിനെ ബാ ല്യം, യൌവ്വനം വാർദ്ധക്യം എന്നു മൂന്നായി തിരിച്ചാൽ നാല്പത്തി

നാലാം വയസ്സ്, യൗവ്വനാരംഭവും അമ്പത്തിയാറാം വയസ്സ് യൗവ്വനമദ്ധ്യാരംഭവുമല്ലേ? അന്ന് അവർ മനസ്സിനെ അടക്കാൻ ശീലിച്ചിരുന്നു. ത്യാഗമായിരുന്നു അവരുടെ ആദർശം.

"വശീകൃത്യേന്ദ്രിയഗ്രാമം സംയമ്യ ച മനസ്തഥാ
സർവ്വാൻസംസാധയേദർത്ഥാനക്ഷിണ്വൻ യോഗതസ്തനും (മനു)"

ബ്രാഹ്മണ്യം വെറുതെ നടന്നുണ്ണാനുള്ള ഒരു അവകാശമായിരുന്നില്ല, മനസ്സിനേയും ഇന്ദ്രിയങ്ങളേയും സമ്പൂർണ്ണം അടക്കിയ ഒരു ജീവിതമായിരുന്നു അത്.

"വേദമേവ സദാഭ്യസ്യേത്തപസ്തപ്യൻ ദ്വിജോത്തമഃ"

ബ്രഹ്മചര്യകാലത്ത് അതികഠിനങ്ങളായ നിയമങ്ങൾ പാലിക്കേണ്ടിയിരുന്നു.

"വർജ്ജയേന്മധുമാംസം ച ഗന്ധം മാല്യം രസാൻസ്ത്രിയഃ
അഭ്യംഗമഞ്ജനഞ്ചാക്ഷ്ണോരുപാനച്ഛത്രധാരണം
കാമം ക്രോധഞ്ച ലോഭഞ്ച നർത്തനം ഗീതവാദനം
ദ്യൂതം ച ജനവാദം ച പരിവാദം തഥാനൃതം
സ്ത്രീണാഞ്ച പ്രേക്ഷണാലംഭമുപഘാതം പരസ്യ ച"

മധു, മാംസം, സുഗന്ധദ്രവ്യങ്ങൾ, മാല, നാക്കിനു ഭ്രമമുണ്ടാക്കുന്ന പദാർത്ഥങ്ങൾ, തേച്ചുകുളി, കണ്ണിൽ മഷി എഴുതുക, ചെരിപ്പിടുക, കുട പിടിക്കുക കാമം, ക്രോധം, ലോഭം, നൃത്തം, കൊട്ട്, പാട്ട്, ചൂതുകളി, (ചീട്ടു മുതലായവയെല്ലാം) വാക്കലഹം, അന്യന്റെ ദോഷം പറയുക, അന്യന് അപകാരം ചെയ്യുക എന്നിവയെല്ലാം ബ്രഹ്മചാരി ത്യജിക്കണം.

"ഭൈക്ഷേണ വർത്തയേന്നിത്യം നൈകാന്നാദീ ഭവേദിഹ"

(ഭിക്ഷയെടുത്ത് ഉപജീവിക്കണം. എന്നാൽ ഒരുവന്റെ വീട്ടിൽനിന്നു മാത്രമായി ഉണ്ണരുത്)

മധുമാംസാഞ്ജനം ശ്രാദ്ധം ഗീതനൃത്യം വിവർജ്ജയേത്
ഹിംസാം പരാപവാദഞ്ച സ്ത്രീലീലാം ച വിശേഷതഃ

അധഃശായീ ഭവേന്നിത്യം ബ്രഹ്മചാരീ സമാഹിതഃ"

എന്നു ശംഖസ്മൃതി.

"നാക്ഷിഭ്യോപി വിരജ്യേത നോ പ്രജേത്താഡിതോപി വാ
തൌര്യത്രികാനൃതോന്മാദപരിവാദാനലംക്രിയാം
അഞ്ജനോദ്വർത്തനാദർശസ്രഗ്വിലേപനയോഷിതഃ
വൃഥാടനമസന്തോഷം ബ്രഹ്മചാരീ വിവർജ്ജയേത്"

എന്നു് വ്യാസസ്മൃതി.

മധു, മാംസം, അഞ്ജനം, ശ്രാദ്ധം, പാട്ടു്, നൃത്തം, ഹിംസ, പരദൂഷണം, പ്രത്യേകിച്ചും സ്ത്രീകളുടെ കളി എന്നിവ വർജ്ജിക്കണം. ബ്രഹ്മചാരി മനസ്സിനെ അടക്കി ധ്യാനനിഷ്ഠനായി തറയിൽ കിടന്നുറങ്ങണം എന്നു് ശംഖൻ. മറ്റൊരാളാക്ഷേപിച്ചാലും സ്വകർത്തവ്യത്തിൽനിന്നും പിന്മാറരുതു്. ഗുരു തല്ലിയാലും പാലിക്കാതെ ഓടിക്കളയരുതു്. നൃത്തം, പാട്ടു്, കൊട്ടു്, കളവു പറയുക, ചാപല്യം കാട്ടുക, പരദൂഷണം പറയുക, അലങ്കാരങ്ങൾ ധരിക്കുക, അഞ്ജനം, ദേഹത്തു് എണ്ണതേച്ചു് തിരുമ്മിക്കുളിക്കുക, കണ്ണാടി നോക്കുക, മാല ചൂടുക, കുറിക്കൂട്ടു് ധരിക്കുക, സ്ത്രീകളുമായി സഹവസിക്കുക, വെറുതെ നടക്കുക, സന്തുഷ്ടിയില്ലായ്മ, എന്നിവ ബ്രഹ്മചാരി വർജ്ജിക്കണം" എന്നു വ്യാസൻ.

ചൌഡമിട്ടു്, സെന്റും പുരട്ടി, നടക്കുമ്പോഴും ഇരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും ഉണ്ണാൻ പോകുമ്പോഴും, ഊണു കഴിഞ്ഞും, കുളിക്കാൻ പോകുമ്പോഴും, കുളി കഴിഞ്ഞും തലയുടെ സൗന്ദര്യം നോക്കി പോക്കററിൽ ചീപ്പും കണ്ണാടിയുമായി, സിനിമാ കണ്ടും, സിനിമപ്പാട്ടു പാടിയും നടക്കുന്ന ഇന്നത്തെ രസികന്മാരായ വിദ്യാർത്ഥികൾ ഇതേപ്പററി എന്തു പറയുന്നു ? ഇതു പഴഞ്ചനാണെന്നു്. അല്ലേ? അതെ! പഴഞ്ചൻ തന്നെ. പക്ഷേ അവർക്കുണ്ടായിരുന്ന ത്യാഗത്തെപ്പററിയും ക്ലേശസഹനസന്നദ്ധതയെപ്പററിയും എന്തു പറയുന്നു? അതു നിങ്ങൾക്കു സമ്മതിക്കാതെ തരമുണ്ടോ?

ഇങ്ങനെ ജീവിച്ചവനാണ് ബ്രാഹ്മണൻ. വയററ പിഴപ്പിനുവേണ്ടി കള്ള ശ്ലോകമുണ്ടാക്കിയവനല്ല.

യോഗസ്തപോ ദമോ ദാനം സത്യം ശൗചം ദയാ ശ്രുതം
വിദ്യാവിജ്ഞാനമാസ്തിക്യമേതദ് ബ്രാഹ്മണലക്ഷണം.

എന്നു വസിഷ്ഠസ്മൃതി.

അന്നത്തെ ബ്രഹ്മചാരികൾ ഭിക്ഷ എടുത്ത് രുചി നോക്കാതെയാണ് ഭക്ഷിച്ചിരുന്നത്. ഇത് മററ സമുദായക്കാരുടെ പണം എങ്ങിനെയെങ്കിലും തങ്ങളുടെ കൈവശം വരട്ടെ എന്നു വച്ചല്ല.

"ദ്വിജാതിഷു ചരേൽഭിക്ഷാം ഭിക്ഷാകാലേ സമാഗതേ"

"നിവേദ്യ ഗുരവേശ്നീയാത് സമ്മതോ ഗുരുണാ വ്രതീ"

ബ്രാഹ്മണക്ഷത്രിയവൈശ്യരുടെ അടുക്കൽനിന്നു മാത്രമേ ഭിക്ഷ വാങ്ങാവൂ. അതും കിട്ടിയാലുടൻ വായിലിടുകയല്ല; ഗുരുവിനു സമർപ്പിച്ചിട്ട് ഗുരുവിൻെറ അനുവാദത്തോടുകൂടി വേണം ഭക്ഷിക്കാൻ.

ഇന്ന് പപ്പടവും, ഉപ്പേരിയും, അവിയലുമെല്ലാം ഇലയിൽ വിളമ്പിയിട്ട് അടുത്തവൻെറ ഇലയിലേക്ക വിളമ്പുന്നതിനു മുമ്പുതന്നെ, ആറമാസം പട്ടിണി കിടന്നവനേപ്പോലെ, അതെല്ലാം ഒന്നോടെ എടുത്ത്തിന്നുന്ന എത്രമാന്യന്മാരെ നാം ഭോജനശാലയിൽ കാണുന്നുണ്ട്. മുമ്പ് പൂർണ്ണമായി ആത്മസംയമനവും ,നിഃസ്വാർത്ഥതയും അടുത്തുള്ളവനെപ്പററി നോക്കലും ബാല്യത്താൽ പ്രഭൃതി പഠിപ്പിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് അന്ന് അവർ മാന്യന്മാരായിരുന്നത് . അങ്ങിനെയുള്ളവരെ മാതൃകയാക്കി രാജ്യം നടക്കാൻ ശ്രമിച്ചതുകൊണ്ടാണ് അന്ന് പട്ടിണിയില്ലാതിരുന്നത്.

ഇങ്ങിനെയുള്ള ജീവിതത്തിനു ശേഷമാണ് പുത്രനുവേണ്ടി ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കാൻ ശാസ്ത്രം വിധിച്ചത്.

അവിപ്ലുതബ്രഹ്മചര്യോ ഗൃഹസ്ഥാശ്രമമാവിശേത ."

ബ്രഹ്മചര്യത്തിന്നണുമാത്രംപോലും ചലനം വരുത്താതെ പി ന്നീട്ടു ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കാം.

"ഗൃഹസ്ഥോ വിനീതക്രോധഹർഷോ ഗുരുണാനുജ്ഞാതഃസ്നാത്വാ അസമാനാർഷാമസ്പൃഷ്ടമൈഥുനാം യവീയസീം സദൃശീം ഭാര്യാം വിന്ദേത." എന്നു വസിഷ്ഠസ്മൃതി.

ക്രോധഹർഷങ്ങളടങ്ങിയവൻ വേണം വിവാഹത്തിലേപ്പെടാൻ. ഇന്നു പതിനാറു വയസ്സാകുമ്പോഴേക്ക് ഗൃഹസ്ഥനായി; കുട്ടികളുമുണ്ട്. ഇപ്പോൾ രണ്ടു സിനിമാ ഒന്നിച്ചു വന്നിട്ടുണ്ട്. രണ്ടിന്റെയും പരസ്യം മിക്കവാറും ഒന്നിച്ചു ഒരേ ഭിത്തിയിൽ കാണാം. ഞാൻ കഥ കണ്ടില്ല; എങ്കിലും അതു പഠിപ്പിക്കുന്നതു ശരിയാണ്. "വിശപ്പിന്റെ വിളി" "കല്യാണം ചെയ്തു പാർ" "വിശപ്പിന്റെ വിളി എങ്ങിനെ ഇരിക്കും?" എന്നു ചോദ്യം. "കല്യാണം ചെയ്തു പാർ" എന്നു ഉത്തരം. ബ്രഹ്മചര്യമാണ് പ്രാചീനന്മാർ സ്വന്തം മോക്ഷത്തിനും രാജ്യത്തെ ദാരിദ്ര്യനിവാരണത്തിനും ഉപായമായി കണ്ടെത്തിയതു്. ഇന്ന് കാളേജിൽ പഠിക്കാൻ പണമില്ലാഞ്ഞിട്ടു കല്യാണം കഴിക്കുന്നവരെത്ര; സ്ത്രീധനം വാങ്ങി കച്ചവടമോ ബിസ്സിനസ്സോ നടത്താമെന്നു കരുതി കല്യാണം കഴിക്കുന്നവരെത്ര? ഈ ഭാര്യാദാസന്മാരെപ്പററി അംഗിരഃസ്മൃതി പറയുന്നു.

"സ്ത്രീധനാനി ച യേ മോഹാദുപജീവന്തി ബാന്ധവാഃ
നാരീയാനാനി വസ്ത്രാണി തേ പാപാ യാന്ത്യധോഗതിം"

എന്നു്, "നാശ്നന്തി പിതരോ ദേവാ
നാശ്നന്ത്യനൃതവാദിനഃ
ഭാര്യാജിതസ്യ നാശ്നന്തി
യസ്യ ചോപപതിർഗൃഹേ."

ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചാൽ അവിടേയും സ്വച്ഛന്ദസഞ്ചാരം ശാസ്ത്രം അനുവദിച്ചിരുന്നില്ല. അവിടെ ഗൃഹസ്ഥധർമ്മം പാലിക്കേണ്ടതായുണ്ടു്. എന്താണ് ഗൃഹസ്ഥധർമ്മം ? അവിടേയും ബ്രഹ്മചര്യം.

"ഹോമകാലേ യഥാ വഹ്നിഃ കാലേ ഹോമം പ്രതീക്ഷതേ
ഋതുകാലെ തഥാധാനം പിതരശ്ച പ്രതീക്ഷതെ
നാന്യദാ ഗച്ഛതെ യസ്തു ബ്രഹ്മചാരീ സ ഉച്യതെ"

എന്നു മഹാഭാരതം.

"സന്താനാൎത്ഥം ച മൈഥുനം (ഭാരതം)

"ഋതുകാലെ തു സംപ്രാപ്തേ പുത്രാൎത്ഥീ സംവിശേത്തദാ
ജാതെ പുത്രേ തഥാ കുൎയ്യാദഗ്ന്യാധേയം ഗൃഹേ വസൻ
പുത്രേജാതേ/ന്യഥൈ ഗച്ഛൻ സംപ്രദുഷ്യേത്സദാ ഗൃഹീ"

ഋതുകാലത്തു പുത്രാൎത്ഥിയായിട്ടു മാത്രമേ ഭാൎയ്യയെ പ്രവേശിക്കാവു. അല്ലാതെ ചെയ്യുന്നവൻ പതിതനാണു്.

"ആയുഷാ തപസാ യുക്തഃ സ്വാധ്യായേജ്യാപരായണഃ
പ്രജാമുൽപാദയേദ്യുക്തഃ സ്വേ സ്വേ വൎണ്ണേ ജിതേന്ദ്രിയഃ

എന്നു ബൌധായനസ്മൃതി.

ദീൎഘതപസ്സോടുകൂടി സ്വാധ്യായത്തിലും യജ്ഞത്തിലും നിഷ്ഠയുള്ളവനായിട്ടു് ഇന്ദ്രിയങ്ങളെ ജയിച്ചു്—കാമവശഗനാകാതെ—മനസ്സിനെ സമാധിയിലുറപ്പിച്ചുകൊണ്ടുവേണം പുത്രനെ ഉൽപാദിപ്പിക്കാൻ എന്നൎത്ഥം. ഇതേപ്പററി പരിഷ്കാരികളെന്തു പറയുന്നു ?

"ആരുഹ്യ ഭാൎയ്യയാ ശയ്യാം പ്രാങ്മുഖോ വാപ്യുദങ്മുഖഃ
ഉപവിശ്യ സ്ത്രിയം പശ്യൻ ഹസ്തമാധായ മസ്തകെ
വാമേന പാണിനാലിംഗ്യ സ്ഥാനേ സ്ഥാനേ മനും ജപേൽ
ശീൎഷേ കാമം ശതം ജപ്ത്വാ ചിബുകെ വാഗ്ഭവം ശതം
കണ്ഠേ രമാം വിംശതിധാ സ്തനദ്വന്ദ്വേ ശതം ശതം
ഹൃദയെ ദശധാ മായാം നാഭൌ താം പഞ്ചവിംശതിം
ജപ്ത്വാ യോനൌ കരം ദത്വാ കാമേന സഹ വാഗ്ഭവം
ശതമഷ്ടോത്തരം ജപ്ത്വാ ലിംഗേപ്യേവം സമാചരേൽ
വികാശ്യ മായയാ യോനിം സ്ത്രിയം ഗച്ഛേൽ സുതാപ്തയേ

രേതഃസമ്പാതസമയെ ധ്യാത്വാ വിശ്വകൃതം പതിഃ
നാദേരധസ്താൽ ചിൽകുണ്ഡെ രക്തികായാം പ്രപാതയേൽ
ശുക്രസേകാന്തരെ വിദ്വാനിമം മന്ത്രമുദീരയേൽ
യഥാഗ്നിനാ സഗർഭാഭൂർദ്യൌർയ്യഥാ വജ്രധാരിണാ
വായുനാ ദിഗ്ഗർഭവതീ തഥാ ഗർഭവതീ ഭവ''

മഹാനിർവാണതന്ത്രം.

ഇതാണ് ഗർഭാധാനവിധി. ഇതിൽ കാമത്തിന്റെ സ്ഥാനമെവിടെ?

"സാമാഹമൃക്ത്വം താവേഹ വിവഹാവഹൈ. പ്രജാം പ്രജനയാവഹൈ'' എന്നാണ് വിവാഹസമയത്തു ഭാര്യാഭർത്താക്കന്മാർ ചെയ്യുന്ന പ്രതിജ്ഞ. വന്ധ്യകളുമായുള്ള സംസർഗ്ഗത്തെ ശാസ്ത്രം ശക്തിയായി നിഷേധിക്കുന്നു.

"ശുക്രക്ഷയകരീ വന്ധ്യാ ത്യാജ്യേതി പരികീർത്തിതാ
തസ്യാസ്തു യോ ഭവേൽ ഭർത്താ തം തു വിദ്യാദജാവികം
അജാവികം മാഹിഷഞ്ച തഥാ ച വൃഷലീപതിം
തൃണാഗ്രേണാപി സംസ്പൃഷ്ട്വാ സവാസാ ജലമാവിശേൽ.''

എന്നു ബൃഹദ്യമസ്മൃതി. വന്ധ്യയുമായി സമ്പർക്കം ചെയ്യുന്നവനെ പുല്ലിന്റെ അററംകൊണ്ടു് തൊട്ടാൽപോലും അടിച്ചു നനച്ചു കുളിക്കണം! അത്ര കർശനമാണ് ബ്രഹ്മചര്യ നിയമം. ഇന്നത്തെ ജനനനിയന്ത്രണക്കാർ എന്തു പറയുന്നു? ഇതെല്ലാം പഴഞ്ചൻ—മനസ്സിനെ നിയന്ത്രിക്കാൻ ശക്തിയില്ലാതെ വനമൃഗങ്ങളെപ്പോലെ ഇന്ദ്രിയാരാമന്മാരായി മനോദാസന്മാരായി വിഷയവൃക്ഷശാഖകളിൽ ചാടി ചാടി കളിക്കുന്നവർക്ക് ഇതെല്ലാം പഴഞ്ചനാണ്. ഈ ബ്രഹ്മചര്യമാണ് ഇൻഡ്യയിൽ പണ്ടു് ഓജസ്സും വീര്യവും ദീർഘായുസ്സും മനോധൈര്യവും നില നിറുത്തിയിരുന്നതു്. പൂർവ്വികന്മാർ ഇതനുഷ്ഠിച്ചിരുന്നതുകൊണ്ടാണ് ഇൻഡ്യാ, ഗ്രീസ് റോം മുതലായ സാമ്രാജ്യങ്ങളെപ്പോലെ നശിക്കാതെ നിലനിന്നതു്.

ബ്രഹ്മചര്യം ഇഹലോകപരലോകങ്ങൾക്കുള്ള രസായനമെന്നു അഷ്ടാംഗഹൃദയം പറയുന്നു.

"ധർമ്മ്യം യശസ്യമായുഷ്യം ലോകദ്വയരസായനം
അനുമോദാമഹേ ബ്രഹ്മചര്യമേകാന്തനിർമ്മലം"

ബ്രഹ്മചര്യംകൊണ്ടു്, രോഗാണുക്കൾ അകത്തു പ്രവേശിച്ചാൽ അവിടെ വളരാൻ അനുവദിക്കാതിരിക്കത്തക്ക Vitality (വീര്യം) ലഭിക്കുന്നു. ഒരു ബ്രഹ്മചാരിയ്ക്കു ബ്രഹ്മചര്യമില്ലാത്ത നാലുപേർ ചെയ്യുന്ന ജോലി ചെയ്യാൻകഴിയും. ഇന്നെന്തുകൊണ്ടു് പല വലിയ പഠിത്തക്കാർക്കും അരമണിക്കൂർ ജോലി ചെയ്യുമ്പോൾ തളർച്ച വരുന്നു? പ്രസംഗിക്കുമ്പോൾ കൂടെക്കൂടെ തൊണ്ട നനയ്ക്കേണ്ടി വരുന്നു? ഒരു മണിക്കൂർ തികച്ചു് ഒരു പുസ്തകം തുടർച്ചയായി ഇരുന്നു വായിക്കാനുള്ള ക്ഷമയില്ലാതായിരിക്കുന്നു? അരമണിക്കൂർ ഒരിടത്തിരിയ്ക്കുമ്പോഴേക്കു നട്ടെല്ലു കഴയ്ക്കുന്നു? ബ്രഹ്മചര്യമില്ലാത്തതുകൊണ്ടു്. പന്ത്രണ്ടുകൊല്ലം അവിഛിന്നബ്രഹ്മചര്യമനുഷ്ഠിക്കുന്നവനു് 'മേധ' എന്നൊരു നാഡിയുണ്ടാകുമെന്നു ഭഗവാൻ ശ്രീരാമകൃഷ്ണൻപറയുന്നു. ബ്രഹ്മചാരിക്കു സ്മൃതിശക്തി വർദ്ധിക്കുന്നു; ദീർഘദൃഷ്ടിയുണ്ടാകുന്നു; എന്നു വേണ്ട; സകലതും സിദ്ധിക്കുന്നു.

ബ്രഹ്മചര്യമാണു് ഇൻഡ്യയുടെ ഭക്ഷണ ക്ഷാമത്തിനുള്ള പരിഹാരം. മുപ്പതു നാല്പതു വയസ്സുവരെ യുവാക്കന്മാർ അവിവാഹിതരായി ജീവിക്കണം. വിവാഹശേഷവും ഒന്നോ രണ്ടോ പുത്രന്മാരുണ്ടായാൽ പിന്നെ ഭാര്യയെ സഹോദരിയായി കരുതി ജീവിക്കണം. ഇതു് അസാദ്ധ്യമല്ല. മഹാത്മജി, മാളവ്യജി മുതലായവരുടെ ജീവിതം ഇതു് സാദ്ധ്യമെന്നു നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ നമുക്കു ജനസംഖ്യപ്പെരുപ്പം തടയാം. അമിതാഹാരവർജ്ജനവും ബ്രഹ്മചര്യത്തിൽ പെടുന്നു. ഉല്പാദനം വർദ്ധിപ്പിക്കാനും ജോലി കൂടുതൽ ചെയ്യാനുമുള്ള ശക്തിയും വേലക്കാരനു കിട്ടുന്നു.

കാളിദാസൻ മുതലായവർ പഴഞ്ചന്മാരാണെന്നും അവർ പട്ടിണിക്കാരെപ്പറ്റി ഒന്നും പറഞ്ഞില്ലെന്നും ഇന്നത്തെ പുത്തൻകവികൾ

പറയുന്നു. കാളിദാസൻ പട്ടിണിക്കാരെപ്പററി ഒന്നും പറഞ്ഞി ല്ലെന്നതു സത്യംതന്നെ. എന്നാൽ പട്ടിണിയില്ലാതിരിക്കാനുള്ള വഴി പറഞ്ഞു.

"ത്യാഗായ സംഭൃതാൎത്ഥാനാം പ്രജായൈ ഗൃഹമേധിനാം"—

എന്ന രണ്ടു വരിയിൽ പട്ടിണിയില്ലാതിരിക്കാനുള്ള വഴി അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ടു്. ഗൃഹസ്ഥന്മാർ സ്വധൎമ്മം അനുഷ്ഠിച്ചാൽ അന്നു രാജ്യത്തുനിന്നു പട്ടിണി മറയും. എല്ലാവൎക്കും ഉടുക്കാൻ മുണ്ടും കയറിക്കിടക്കാൻ വീടും ഉണ്ടാകും.

ഏകവാരം ഗൃഹീ നിത്യമശ്നീയാദുത്തമം ഹിതൽ
ദ്വിവാരം വാക്ഷമോശ്നീയാദ് പാത്രിംശാദ്ഗ്രാസമന്വഹം
കുക്കുടാണ്ഡപ്രമാണേന ന ഹ്രസ്വോ ന വിഷാദവാൻ

ഗൃഹസ്ഥൻ ഒരു നേരമേ ഉണ്ണാവു. തീരെ നിവൃത്തിയില്ലെങ്കിൽ രണ്ടുനേരം. എന്നാൽ, ഒരു നേരം അഞ്ചിടങ്ങഴിയാക്കാമെന്നു വച്ചാൽ അതും അനുവദിച്ചിട്ടില്ല. മുപ്പത്തിരണ്ടുരുളയേ ഉണ്ണാവു. എന്നാൽ ഓരോ ഉരുള ആനത്തലയോളമായിക്കൊള്ളട്ടെ എന്നാണെങ്കിൽ അതിനും അനുവാദമില്ല. "കുക്കുടാണ്ഡപ്രമാണേന" എന്നാണു് വിധി. കോഴിമുട്ടയുടെ വലിപ്പത്തിലുള്ള മുപ്പത്തിരണ്ടുരുളയേപാടുള്ളു. ഇതാണു് ഗൃഹസ്ഥധൎമ്മം. ഇതനുസരിച്ചു ഇന്നു് ജീവിക്കുന്ന—എഴുപതു വയസ്സായിട്ടും ബ്രാഹ്മമുഹൂൎത്തത്തിലെഴുന്നേററു പച്ചവെള്ളത്തിൽ കുളിച്ചു ജപധ്യാനാദികൾകൊണ്ടു മദ്ധ്യാഹ്നസ്നാനംവരെ നിരാഹാരനായി കഴിച്ചു് ഉച്ചയ്ക്കും പിന്നീടു് രാത്രിയിലും മാത്രം ആഹാരം കഴിച്ചു് ആരോഗ്യവാന്മാരായി ജീവിക്കുന്ന എതാനും ചില മലയാള ബ്രാഹ്മണരെ എനിക്കറിയാം. അതിൽ നിന്നു ഈ ശാസ്ത്രവാക്യങ്ങൾ കവികല്പനയല്ലെന്നു നിങ്ങൾക്കു കാണാം. ഇവരെപ്പററി ഇന്നത്തെ ബെഡ്കാഫിക്കാർ എന്തു പറയുന്നു? എന്നാൽ നവലോകസന്താനങ്ങളാകട്ടെ, ദിവസവും ദിവസവും സന്താനങ്ങളെ ജനിപ്പിക്കയും നാലുപേൎക്കുള്ളതു തിന്നുകയും ചെയ്യു

കൊണ്ടു് ഭോഗത്തിനായി പണം ചിലവാക്കിയിട്ടു് പട്ടിണിയെപ്പേററി നിലവിളിക്കുന്നു. എന്തുഫലം? മുള്ളിൽക്കൂടി നടന്നിട്ടു് മുള്ളു കാലിൽ തറയ്ക്കുന്നുവെന്നു പറഞ്ഞിട്ടു ഫലമെന്തു്? തീയിൽക്കൂടി നടന്നിട്ടു കാലുപൊള്ളുന്നുവെന്നെന്തിനു പറയുന്നു? ആരുടെ കുററം?

ഗൃഹസ്ഥൻ വീട്ടിൽ അരിവെയ്ക്കുന്നതുപോലും തനിക്കുവേണ്ടിയായിരിയ്ക്കരുതെന്നാണു് ധർമ്മശാസ്ത്രം.

"ആത്മാർത്ഥം പാചയേന്നാന്നം" (എന്നു ഭാരതം)

പിന്നെ എന്തിനു വേണ്ടിയാണു പാകം ചെയ്യുന്നതു്? യജ്ഞത്തിനുവേണ്ടി.

"യജ്ഞശിഷ്ടാശിനഃ സന്തോ മുച്യന്തേ സർവകില്ബിഷൈഃ
ഭുഞ്ജതേ തേ ത്വഘം പാപാ യേ പചന്ത്യാത്മകാരണാൽ"

തനിയ്ക്കുവേണ്ടി ഉണ്ണാൻ അരിവച്ചിയ്ക്കുന്നവൻ പാപത്തെയാണു് തിന്നുന്നതു്. താനുണ്ണുന്നതുപോലും ലോകത്തിൻെറ നന്മയ്ക്കുവേണ്ടി കർമ്മം ചെയ്യാനായിരിക്കണമെന്നർത്ഥം.

"യജ്ഞാർത്ഥാൽകർമ്മണോന്യത്ര ലോകോയം കർമ്മബന്ധനഃ"

അജ്ഞാതകുലനാമാനമന്യദേശാദുപാഗതം (ഗീത)
പൂജയേദതിഥിം സമ്യങ്നൈകഗ്രാമനിവാസിനം
അകിഞ്ചനമസംബന്ധമജ്ഞാതകുലശീലിനം
അസംപൂജ്യാതിഥിം ഭുക്ത്വാ ഭോക്തുകാമം വ്രജത്യധഃ
സ്വാധ്യായഗോത്രചരണമപൃഷ്ട്വാ ച തഥാ കുലം
ഹിരണ്യഗർഭബുദ്ധ്യാ തം മന്യേതാഭ്യാഗതം ഗൃഹീ
....
സകേവലമഘം ഭുങ്ക്തേ യോ ഭുങ്ക്തേ ഹ്യതിഥിം വിനാ.

കുലം, പേരു് എന്നിവ അറിയപ്പെടാതെ അന്യദേശത്തുനിന്നു വന്നവനും തൻെറ ഗ്രാമത്തിലെ താമസക്കാരനല്ലാത്തവനും ആയവനാണു് അതിഥി. അങ്ങനെയുള്ള അതിഥിയെ പൂജിക്കണം. സ്വത്തില്ലാത്തവനും തന്നോടു ബന്ധമില്ലാത്തവനും കുലവും ശീലവും

ഏതെന്നു തനിയ്ക്കു നിശ്ചയമില്ലാത്തവനുമാണതിഥി. അങ്ങനെയുള്ള അതിഥിയെ പൂജിക്കാതെ ഊണു കഴിക്കാൻ ആഗ്രഹിക്കുന്നവനിൽ പാപം വന്നു പ്രവേശിക്കുന്നു. അയാൾ വേദം പഠിച്ചിട്ടുണ്ടോ എന്നും അയാളുടെ കുലവും ഗോത്രവും ചരണവും എന്തെന്നും ചോദിക്കാതെ വൈശ്വദേവം കഴിയുമ്പോൾ യദൃച്ഛയാവന്നു ചേരുന്നവനെ ഹിരണ്യഗർഭനെന്ന ബുദ്ധിയോടുകൂടി കരുതണം. അതിഥിപൂജ ചെയ്യാതെ ഊണു കഴിക്കുന്നവൻ തിന്നുന്നതു വെറും പാപത്തെയാണ്.

ഗൃഹസ്ഥൻ ഊണു കഴിക്കുന്നതു വേലക്കാർക്കെല്ലാം തൃപ്തിയായി ആഹാരം കൊടുത്തിട്ടുവേണമെന്നും ധർമ്മശാസ്ത്രം പറയുന്നു.

ഭുക്തവത്സ്വഥ വിപ്രേഷു സ്വേഷു ഭൃത്യേഷു ചൈവ ഹി
ഭുഞ്ജീയാതാം തത: പശ്ചാദവശിഷ്ടം തു ദമ്പതീ
അദത്വാ തു യ ഏതേഭ്യഃ പൂർവം ഭുങ്ക്തേ/വിചക്ഷണഃ
സ ഭുഞ്ജാനോ ന ജാനാതി ശ്വഗൃധ്രൈർജ്ജഗ്ധിമാത്മനഃ”

“അതിഥികളായി വന്ന ബ്രാഹ്മണരും തന്റെ ഭൃത്യന്മാരും ഊണുകഴിച്ചശേഷം ബാക്കിയുള്ളതുവേണം ഗൃഹനായകനും പത്നിയും ഭക്ഷിക്കുവാൻ. ഇവർക്കു കൊടുക്കാതെ മുമ്പെ ഉണ്ണുന്ന ബുദ്ധിശൂന്യനറിയുന്നില്ല (മരണാനന്തരം) പട്ടികളും കഴുകനും അവനെ കടിച്ചു തിന്നുമെന്ന്” എന്നു മനു പറയുന്നു.

അതിഥികളെ ഈശ്വരനായി വിചാരിക്കണമെന്നാണ് വേദശാസനം. “അതിഥിദേവോ ഭവ” അതിഥിയാര്? ഇംഗ്ലീഷിലെ “ഗസ്റ്റ്” അല്ല. “ന തിഷ്ഠതി ഇത്യതിഥി:” അവിചാരിതമായി വന്നു കയറുന്ന വഴിയാത്രക്കാരൻ, ബ്രഹ്മചാരി, സന്ന്യാസി മുതലായവരാണതിഥികൾ. സ്ഥലത്തെ ഉദ്യോഗസ്ഥന്മാരെ ക്ഷണിച്ചുവരുത്തി കാര്യം കാണാൻ സദ്യ കൊടുക്കുന്നത് അതിഥിപൂജയല്ല. മനു പറഞ്ഞ തത്വം ഇന്നത്തെ വ്യാവസായികരംഗത്തുവച്ചു നോക്കുമ്പോൾ ഫാക്ടറികളിലേയും മററും വേലക്കാർക്കു ന്യായമായി ആദായം വീതിച്ചുകൊടുത്തശേഷം ബാക്കികൊണ്ടുവേണം ഗൃഹസ്ഥൻ

ജീവിക്കാനെന്നു കിട്ടുന്നു. അങ്ങനെയായാൽ പിന്നെ വേലക്കാൎക്കു പട്ടിണിയെങ്ങനെ വരും ? സാമാനങ്ങൾക്കു വിലയിടിവു വന്നാൽ വേലക്കാരനും യജമാനനും ഒരുമിച്ചു പട്ടിണിയനുഭവിയ്ക്കുകയേ ഉള്ളു. ധനം ഒരിടത്തു കൂട്ടിവച്ചുകൊണ്ടു് മററുള്ളവരെ പട്ടിണിയിടാൻ അനുവദിക്കുന്ന സാമ്പത്തികസ്ഥിതി ധൎമ്മം ഒരിക്കലും അനുവദിയ്ക്കുന്നില്ല.

"ദേയം ദീനജനായ ച വിത്തം" എന്നാണു ശ്രീശങ്കരൻ പറയുന്നതു്. പണത്തിൻെറ പ്രയോജനം പാവങ്ങൾക്കു കൊടുക്കലാണു്. ധൎമ്മാനുസരണം ജീവിക്കാത്തതാണു് ഇന്നത്തെ സാമ്പത്തികക്കുഴപ്പത്തിനും സ്ട്രൈക്കിനും എല്ലാം കാരണം.

മറെറാന്നു് ഇന്നില്ലാത്തതു സത്യമാണു്. കളവു പറയാൻ ആൎക്കും മടിയില്ലാതായിട്ടുണ്ടു്. "സത്യേനോത്തഭിതാ ഭൂമിഃ" (ഋഗ്വേദം X—85) സത്യമാകുന്ന തൂണിന്മേലാണു് ഭൂമി നില്ക്കുന്നതെന്നു ശ്രുതിപറയുന്നു. ഇന്നു് അച്ഛനോടു അസത്യം പറയാൻ മക്കൾക്കു് മടിയില്ല. മക്കളോടു കളവു പറയാൻ അച്ഛനു മടിയില്ല. ഭരണീയരോടു കളവു പറയാൻ ഭരണാധികാരികൾക്കു മടിയില്ല. ഭരണാധികാരികളെ കളവുപറഞ്ഞു ധരിപ്പിക്കാൻ ഭരണീയൎക്കു മടിയില്ല. പത്രങ്ങളിൽ കളവു എഴുതിവിടാൻ പൊതുജനങ്ങളെ കാൎയ്യം പറഞ്ഞു മനസ്സിലാക്കാൻ ചുമതലപ്പെട്ട പത്രക്കാൎക്കു മടിയില്ല. കളവു പ്രസംഗിക്കാൻ പ്രാസംഗികന്മാൎക്കു മടിയില്ല. ആൎക്കും ആരെയും വിശ്വസിക്കാൻ നിവൃത്തിയില്ലാതായിട്ടുണ്ടു്. ഭാൎയ്യക്കു ഭൎത്താവിനേയും ഭൎത്താവിനു ഭാൎയ്യയേയും വിശ്വാസമില്ല. ഈ സ്ഥിതിക്കു ശാന്തിയും ഐശ്വൎയ്യവും, സംഘടിച്ചിട്ടുള്ള പ്രവൃത്തിയും എങ്ങനെയുണ്ടാകും ? പരസ്പരവിശ്വാസമാണല്ലോ സംഘടനയുടെ ജീവൻ. ഇങ്ങനെപോയാൽ ഈ നേഷൻ എത്രകാലം നിലനില്ക്കും? അതല്ലെങ്കിലും മനഃസുഖമുണ്ടാകുമോ? തന്നെ സമീപിക്കുന്ന ഓരോരുത്തനും തൻെറ ചുററും നില്ക്കുന്ന ഓരോരുത്തനും തന്നെ കളിപ്പിക്കാനാണു് വന്നിരിക്കുന്നതെന്നു കരുതുന്നവനു സുഖമെവിടെ? ശാന്തിയെവിടെ?

ശുചിത്വം നമ്മിൽനിന്നു വളരെ അകന്നിരിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസസമ്പന്നന്മാരുടെ ഇടയിലാണ് ഏററവും അധികം വൃത്തികേട്. ദയയുടെ കഥയും അതുതന്നെ. ലോകത്തു് ഒരു കാലത്തും കേട്ടിട്ടില്ലാത്ത വിധത്തിലുള്ള മൃഗീയവധങ്ങളുടെ കഥ നാം ഇന്നു പ്രതിദിനം കേൾക്കുന്നില്ലേ? വിദ്യാസമ്പന്നനായ ഒരു ഭരണാധികാരിയുടെ കീഴിൽ പാകിസ്ഥാനിൽ എന്തെല്ലാമാണ് നടന്നതു്? കാശ്മീരിൽ എന്തെല്ലാമാണ് നടത്തിയതു്? ഇന്നും നടക്കുന്നതു്? ഏററവും നീചമായ പരദാരാപഹരണം, ബാലഹത്യ, ഭ്രൂണഹത്യ, ഇവയെല്ലാം പ്രതിദിനം നടക്കുന്നതായി നാം പത്രങ്ങളിൽ വായിക്കുന്നില്ലേ? ഇവയ്ക്കെല്ലാം നിയമംകൊണ്ടു പരിഹാരമുണ്ടാക്കാമെന്നു വിചാരിക്കുന്നുണ്ടോ? പ്രത്യേകിച്ചും ജയിലുകളെ നന്ദനോദ്യാനങ്ങളാക്കാൻ ശ്രമിച്ചുകൊണ്ടു്. ധർമ്മവിശ്വാസം-മരണാനന്തരവിശ്വാസം-പുണ്യപാപസ്വർഗ്ഗനരകവിശ്വാസം പുനഃ സ്ഥാപിക്കുകയല്ലാതെ മററു പോംവഴിയില്ല. അതുകൊണ്ടാണ് ത്രികാലജ്ഞന്മാരായ മഹർഷിമാർ, ധർമ്മശാസ്ത്രങ്ങൾ നിർമ്മിച്ചതും ധർമ്മത്തിനു പ്രാധാന്യം കൊടുത്തുള്ള വിദ്യാഭ്യാസം പ്രചരിപ്പിച്ചതും. അവർ സ്വാത്വികളായിരുന്നു് വേലയെടുക്കാതെ ഉണ്ണാൻ ആഗ്രഹിച്ചിട്ടല്ല.

സുരമന്ദിരതരുമൂലനിവാസഃ ശയ്യാ ഭൂതലമജിനം വാസഃ
സർവപരിഗ്രഹഭോഗത്യാഗഃ കസ്യ സുഖം ന കരോതി വിരാഗഃ"

എന്നു ചോദിച്ച അവർ സ്വാത്വികളായിരുന്നില്ല.

"സമ്മാനാൽ ബ്രാഹ്മണോ നിത്യം ഉദ്വിജേത വിഷാദിവ
അമൃതസ്യേവ ചാകാംക്ഷേദവമാനസ്യ സർവദാ" (മനു)

എന്നു ബ്രാഹ്മണധർമ്മം വിധിച്ച അവർ മററുള്ളവരുടെ ബഹുമാനം കൊതിച്ചവരല്ല.

"പൂർവജന്മനി ബ്രാഹ്മണോത്തമഃ പ്രതിഗ്രഹൈർവയോ നിന്യേ
ന ദാനാദ്യൈഃ സുകർമ്മഭിഃ അതോ ദാരിദ്ര്യമാപന്നഃ
പുത്രസ്തേ ദ്വിജഭാമിനി! തദ്ദോഷപരിഹാരാർത്ഥം
ശരണം യാതു ശങ്കരം"

എന്നു പുരാണം പറയുന്നു. അതായതു് "പൂർവജന്മത്തു ബ്രാഹ്മണനായിരുന്ന നിന്റെ പുത്രൻ ദാനാദിപുണ്യങ്ങൾ ചെയ്യുന്നതിന്നുപകരം പ്രതിഗ്രഹം വാങ്ങി കാലയാപനം ചെയ്തതുകൊണ്ടാണു് ഈ ജന്മത്തു ദാരിദ്ര്യം അനുഭവിക്കുന്നതു്. അതിന്റെ ദോഷനിവൃത്തിക്കായി ശങ്കരനെ ശരണം പ്രാപിക്കുക"എന്നു ഋഷി ഉപദേശിക്കുന്നു. പ്രതിഗ്രഹം വാങ്ങുന്നതു മഹാപാപമായിട്ടാണു് ശാസ്ത്രം വിധിക്കുന്നതു്.

"യേനകേനചിദാച്ഛന്നോ യേനകേനചിദാശിതഃ
യത്രകചനശായീ സ്യാത്തം ദേവാ ബ്രാഹ്മണം വിദുഃ"
എന്നാണു് മഹാഭാരതം.

"ജിഹ്വാ ദഗ്ദ്ധാ പരാന്നേന ഹസ്തൌ ദഗ്ദ്ധൌ പ്രതിഗ്രഹാൽ
പരസ്ത്രീഭിർമനോ ദഗ്ദ്ധം കഥം സിദ്ധിർവരാനനേ!"

എന്നു മന്ത്രസിദ്ധിയുണ്ടാകാത്തതിന്റെ മുഖ്യകാരണം ദാനം വാങ്ങലും ബ്രഹ്മചര്യമില്ലായ്മയുമാണെന്നു തന്ത്രശാസ്ത്രം തെളിച്ചു പറഞ്ഞിരിക്കുന്നു. ഒരിക്കൽ ഒരിടത്തു ചെന്നു ദാനം വാങ്ങിയതിന്നു് എന്റെ മാതുലൻ എന്നെക്കൊണ്ടു് കുളിച്ചു് സഹസ്രാവൃത്തി കഴിപ്പിച്ചതു് ഇന്നും എനിയ്ക്കോർമ്മയുണ്ടു്. ഒരാളോടു് പശുദാനം വാങ്ങിയ ഒരു ബ്രാഹ്മണനെ തന്റെ ഗൃഹത്തിൽ വന്നാലൊരിക്കലും കൂടെയിരുത്തി മാതുലൻ ചോറുകൊടുത്തിരുന്നില്ല. അന്യന്മാരുടെ യാതൊരു സാധനവും സൌജന്യമായി സ്വീകരിക്കാൻ അദ്ദേഹം എന്നെ അനുവദിച്ചിരുന്നില്ല. അപരിഗ്രഹമായിരുന്നു ബ്രാഹ്മണരുടെ വ്രതമെന്നു് അതിനാലെനിക്കറിയാം.

രാജപ്രതിഗ്രഹാൽ സർവ്വം ബ്രഹ്മവർച്ചസമേവ ച
നശ്യതീതി ന സന്ദേഹ ഇത്യാഹ ഭഗവാൻ യമഃ
രാജ്ഞാം പ്രതിഗ്രഹസ്ത്യാജ്യോ ലോകത്രയജിഗീഷുഭിഃ
രാജ്ഞാം പ്രതിഗ്രഹാച്ചൈവ ബ്രാഹ്മണ്യം ഹി വിലുപ്യതെ"
ത്രീവിനശ്യതി ശർവ്വേണ ബ്രാഹ്മണോ രാജസേവയാ"
എന്നു യമസ്മൃതി.

ആ ബ്രാഹ്മണൻ ആയിരത്തിൽപരം വർഷമായി ക്രമേണ ദു ഷിച്ചു. ഇന്നു സമ്പൂർണ്ണം ദുഷിച്ചിരിക്കുന്നു. "ബ്രാഹ്മണത്വസ്യ ഹി രക്ഷണേന രക്ഷിതഃ സ്യാദ്വൈദികോ ധർമ്മഃ" എന്നു ശ്രീ ശങ്കരൻ പറയുന്നു. ബ്രാഹ്മണർ ദുഷിച്ചതോടുകൂടി ലോകത്തിന് ഒരാദർശമില്ലാതായി.

"ധർമ്മോ രക്ഷതി രക്ഷിതഃ" എന്നതു് എന്നും ശരിയാണ്, ധർമ്മത്തിന് പലവിഭാഗങ്ങളുണ്ടു്. പിതൃധർമ്മം, പുത്രധർമ്മം, ഭാര്യാധർമ്മം, ഭർത്തൃധർമ്മം, ഗുരുധർമ്മം, ശിഷ്യധർമ്മം, രാജധർമ്മം, പ്രജാധർമ്മം, വർണ്ണധർമ്മം, ആശ്രമധർമ്മം ഇവയെല്ലാം ശരിയായി അനുഷ്ഠിക്കപ്പെട്ടാൽ ലോകശാന്തിയുണ്ടാകും, രാജ്യക്ഷേമമുണ്ടാകും. ഇവയൊന്നും ആർക്കും ആരേയും കീഴടക്കാനോ കളിപ്പിക്കാനോ എഴുതിയതല്ല.

"പ്രാപണാൽ സർവകാമാനാം പരിത്യാഗോ വിശിഷ്യതെ"
നാരുന്തുദഃ സ്യാദാർത്തോപി ന പരദ്രോഹകർമ്മധീഃ
യയാസ്യോദ്വിജതേ വാചാ നാലോക്യാം താമുദീരയേൽ
ഉപാസതെ യേ ഗൃഹസ്ഥാഃ പരപാകമബുദ്ധയഃ
തേന തേ പ്രേത്യ പശുതാം വ്രജന്ത്യന്നാദിദായിനാം (മനു)

(സകല കാമങ്ങളും സാധിക്കുന്നതിനേക്കാൾ അവയെ ത്യജിക്കുന്നതാണ് ശ്രേഷ്ഠം. തന്നെ പീഡിപ്പിച്ചാലും മറെറാരുവനു് മർമ്മവേദനയുണ്ടാക്കരുതു്. ഒരിക്കലും പരദ്രോഹകർമ്മത്തിൽ ബുദ്ധിവെയ്ക്കരുതു്. യാതൊരുവാക്ക് സജ്ജനാദികളെ പ്രതിബന്ധിക്കുമോ അതു ഒരിക്കലും ഉച്ചരിക്കരുതു്. വേലയെടുക്കാതെ അന്യന്റെ ചോറുണ്ണുന്ന ബുദ്ധികെട്ട ഗൃഹസ്ഥന്മാർ മരിച്ചിട്ട് ആ ചോറു കൊടുക്കുന്നവരുടെ വീട്ടിലെ വളർത്തുമൃഗമായിത്തീരുന്നു.)

അനന്തോ ബ്രാഹ്മണസ്യൈഷ യദപിത്തനിചയോ മഹാൻ"

എന്നെഴുതിയവർ മടിയരായിരുന്നു ഉണ്ണാൻ ശാസ്ത്രമുണ്ടാക്കിയവരല്ല.

ധർമ്മനിഷ്ഠയുള്ള രാജാക്കന്മാർ ഭരിച്ചിരുന്ന കാലത്തു് ഇൻഡ്യയിൽ ക്ഷാമം ഉണ്ടായിരുന്നില്ല; കള്ളന്മാർ ഉണ്ടായിരുന്നില്ല. മാക്സ്മുള്ളർ എഴുതിയ "What can India teach us?" എന്ന പുസ്തകം വായിക്കുക. മുൻകാലത്തു് ഇൻഡ്യ സന്ദർശിച്ച ഗ്രീക്കുകാരും ചീനക്കാരും മുസൽമാൻമാരും വെള്ളക്കാരും അന്നത്തെ ഇൻഡ്യയെപ്പററി എഴുതിയിട്ടുള്ള അഭിപ്രായങ്ങൾ അതിൽ കാണാം. ആ അഭിപ്രായങ്ങൾ നമ്മെ സ്തുതിച്ചു പണമുണ്ടാക്കാനെഴുതിയിട്ടുള്ളവയല്ല. വനപർവ്വത്തിൽ നാരദൻ ധർമ്മപുത്രരോടു ചോദിക്കുന്നു:—

"ഷഡനർത്ഥാ മഹാരാജ! കച്ചിത്തേ പൃഷ്ഠത: കൃതാ:
നിദ്രാലസ്യം ഭയം ക്രോധോ മാർദ്ദവം ദീർഘസൂത്രതാ"

പകലുറക്കം, മടി, ഭയം, കോപം ശിക്ഷിക്കേണ്ടവരോടു മൃദുത്വം, നീട്ടിവയ്പു് എന്നീ ആറനർത്ഥങ്ങൾ ഒഴിക്കണം ഭരണാധികാരി.

"കച്ചിദാത്മാനമേവാഗ്രേ വിജിത്യ വിജിതേന്ദ്രിയഃ
പരാൻ ജിഗീഷസേ പാർത്ഥ! പ്രമത്താനജിതേന്ദ്രിയാൻ?
കച്ചിന്ന ഭക്തം ബീജം ച കർഷകസ്യാവസീദതി?
കച്ചിന്ന ചോരൈർല്ലുബ്ധൈർവാ കുമാരൈഃ സ്ത്രീബലേന വാ
ത്വയാ വാ പീഡ്യതേ രാഷ്ട്രം കച്ചിത്തുഷ്ടാഃ കൃഷീവലാഃ
കച്ചിദ്രാഷ്ട്രേ തഡാഗാനി പൂർണ്ണാനി ച ബൃഹന്തി ച
ഭാഗശോ വിനിവിഷ്ടാനി ന കൃഷിർദ്ദേവമാതൃകാ ?
കച്ചിദഗ്നിഭയാച്ചൈവ രാഷ്ട്രം സ്വം പരിരക്ഷസി
കച്ചിദന്ധാംശ്ച മൂകാംശ്ച പംഗൂൻ വ്യംഗാനബാന്ധവാൻ
പിതേവ പാസി ധർമ്മജ്ഞ! തഥാ പ്രവ്രജിതാനപി!
കച്ചിത്സ്വനുഷ്ഠിതാ താത വാർത്താ തേ സാധുഭിർജ്ജനൈഃ
വാർത്തായാം സംശ്രിതസ്താത ലോകോയം സുഖമേധതെ

"അങ്ങു് ആദ്യം അങ്ങയെത്തന്നെ ജയിച്ചിട്ടു്, ജിതേന്ദ്രിയനായിട്ടാണോ ഇന്ദ്രിയനിയന്ത്രണമില്ലാത്ത കുമാർഗ്ഗസഞ്ചാരികളായ അന്യന്മാരെ ജയിക്കാനാഗ്രഹിക്കുന്നതു്? കൃഷിക്കാരനു് ശാപ്പാടിനും വിത്തിനും മുട്ടുവരാതിരിക്കുന്നില്ലേ? കള്ളന്മാർ, ലുബ്ധന്മാർ,

കുമാരന്മാർ, സ്ത്രീകളുടെ ബലം എന്നിവരാലോ അങ്ങയാലോ രാജ്യം പിടിപ്പിക്കപ്പെടുന്നുവോ? കൃഷിക്കാരെല്ലാം സന്തുഷ്ടന്മാരായിരിക്കുന്നുവോ? രാജ്യത്തു തടാകങ്ങളെല്ലാം വലുതായും വെള്ളം നിറഞ്ഞും ഇരിക്കുന്നുണ്ടോ? അവ അതതു വേണ്ടസ്ഥാനങ്ങളിൽ തന്നെ ഉണ്ടാക്കപ്പെട്ടിരിക്കുന്നുവോ ? കൃഷി വെറും മഴയെമാത്രം ആശ്രയിച്ചല്ലല്ലോ ഇരിക്കുന്നതു്? തീഭയം, കാട്ടുജന്തുഭയം, രോഗഭയം, ദുഷ്ടപീഡ എന്നിവയിൽനിന്നു് അങ്ങു് സ്വരാജ്യത്തെ പരിരക്ഷിക്കുന്നുവോ? അങ്ങയുടെ രാജ്യത്തു കച്ചവടം സജ്ജനങ്ങളാൽ വേണ്ടവണ്ണം നടത്തപ്പെടുന്നുണ്ടോ? കച്ചവടത്തെ ആശ്രയിച്ചാണു് ഈലോകത്തു ജനങ്ങളുടെ സുഖവർദ്ധനയിരിക്കുന്നതു്. കുരുടന്മാർ, മൂകന്മാർ, മുടന്തന്മാർ, അംഗഹീനന്മാർ, അനാഥന്മാർ എന്നിവരേയും അതുപോലെതന്നെ സന്ന്യാസിമാരേയും ഹേധർമ്മജ്ഞ! അങ്ങു് അച്ഛൻ കുട്ടികളെയെന്നപോലെ രക്ഷിക്കുന്നുണ്ടോ?" എന്തു ചോദ്യങ്ങൾ! ഇങ്ങനെ ഭരണാധികാരികൾ ഭരിക്കുന്ന ഒരു രാജ്യത്തെ നമുക്കു് എന്നു എവിടെ കാണാൻ കഴിയും? ഇങ്ങനെ ഭരിച്ചാൽ അതൃപ്തി എങ്ങനെയുണ്ടാകും?

ഉന്മത്താനസമർത്ഥാംശ്ച ബാലാംശ്ച മൃതബാന്ധവാൻ
ജരാഭിഭൂതാൻ വൃദ്ധാംശ്ച രക്ഷയേൽ പിതൃവൻനൃപഃ"

ഭ്രാന്തന്മാർ, പണിയെടുക്കാൻ കഴിവില്ലാത്തവർ, അനാഥബാലന്മാർ, രോഗികൾ, വൃദ്ധന്മാരെന്നിവരെ രാജാവു് സ്വന്തം പുത്രന്മാരെപ്പോലെ രക്ഷിക്കണമെന്നു മഹാനിർവാണതന്ത്രം പറയുന്നു. രാജാവെന്നുവച്ചാൽ ഭരണാധികാരിയെന്നർത്ഥം. ഭരണാധികാരികൾ ഇന്നു് ഇങ്ങനെ ചെയ്തിരുന്നെങ്കിൽ റോഡിലും തെരുവിലും ട്രെയിനിലുമെല്ലാം ഭിക്ഷക്കാർ നിറയുമായിരുന്നോ ?

"പ്രജാനാമേവ ഭൂത്യർത്ഥം സ താഭ്യോ ബലിമഗ്രഹീൽ
സഹസ്രഗുണമുൽസ്രഷ്ടുമാദത്തെ ഹി രസം രവിഃ"

എന്നു കാളിദാസൻ മാതൃകാരാജാവിനെ ചൂണ്ടികാണിക്കുന്നു. കരം പിരിക്കുന്നതു ജനങ്ങൾക്കു ഗുണം ചെയ്യാൻവേണ്ടി മാത്രമായി

രിക്കണം. ഇങ്ങനെയെല്ലാമാണ് ധാർമ്മികമായ രാജ്യഭരണം. കാളിദാസാദികൾ രാജസേവകന്മാരായിരുന്നെന്നും പാവങ്ങളെപ്പററിയൊന്നും പറഞ്ഞില്ലെന്നും ദുഷ്കീർത്തി പ്രചരിപ്പിക്കുന്നവരുണ്ടു്. കാളിദാസൻ ഏതു രാജാവിനെ സ്തുതിച്ചാണ് പുസ്തകമെഴുതിയതു്? തന്റെ സമകാലീനനായ ഏതെങ്കിലും രാജാവിനെ സ്തുതിച്ചെന്തെങ്കിലുമെഴുതീട്ടുണ്ടോ? അദ്ദേഹത്തിനു വളരെ വളരെ മുമ്പു ജീവിച്ചിരുന്ന സൂര്യവംശരാജാക്കന്മാരേയും ചന്ദ്രവംശരാജാക്കന്മാരെയും പററി പ്രശംസിച്ചെങ്കിൽ അതിന് ആരു പ്രതിഫലം കൊടുക്കാനാണ്? അസംബന്ധം പറഞ്ഞാൽ അതിനൊരതിരു വേണ്ടേ? രാജസേവകന്മാരായ ചില കവികൾ ഇൻഡ്യയുടെ അധഃപതനകാലത്തുണ്ടായില്ലെന്നു ഞാൻ പറയുന്നില്ല. അതു കാളിദാസാദികളല്ലെന്നുമാത്രം.

അതുപോലെ ഗുരുധർമ്മമുണ്ടു്. അദ്ധ്യാപകന്മാർ വിദ്യാർത്ഥികളുടെ ഗുണത്തിനുവേണ്ടിയായിരിക്കണം പഠിപ്പിക്കുന്നതു്. വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം പരീക്ഷാവിജയവും ധനസമ്പാദനവുമാക്കരുതു്. ഇന്നു് പരീക്ഷ ജയിക്കാൻ കാപ്പിയടിച്ചാലും മതിയെന്നായിട്ടുണ്ടു്. അഥവാ അവർക്കു ജയിക്കണമെന്നു തന്നെയില്ല. പിന്നെ വീട്ടുകാരെ തൃപ്തിപ്പെടുത്താൻ മാത്രം ജയിക്കണമെന്നാഗ്രഹിക്കുന്നവരാണധികവും. ഒരു കാലത്തു പരീക്ഷ ജയിച്ചാൽ ഉദ്യോഗവും അതുവഴി പണവും കിട്ടുമെന്നായിരുന്നു. ഇന്നു് അതു രണ്ടുമില്ല. പരീക്ഷ ജയിച്ചിട്ടു് ഉദ്യോഗമില്ലാതെ എത്രപേർ തെണ്ടുന്നു? ഉദ്യോഗം കിട്ടിയാലോ? ഒരു ക്ഷൌരക്കാരനു ഒരു മാസം കിട്ടുന്നതു് ഒരു ബി. എ. ക്കാരനു കിട്ടുന്നില്ല. മന്ത്രിയോ ഭരണാധികാരിയോ ആയി ബഹുജനബഹുമതി വാങ്ങാനും പഠിക്കണമെന്നില്ല. പിന്നെ എന്തിനു പഠിക്കണം? അതാണ് ചോദ്യം. അതുകൊണ്ടാണ് വിദ്യാർത്ഥികൾ സ്കൂളുകളിലും കാളേജുകളിലും, ഒന്നും പഠിക്കാതെ ബഹളമുണ്ടാക്കാനും നേതാക്കന്മാരാകാനും നടക്കുന്നതു്. പഠിച്ചവനും പഠിക്കാത്തവനും തമ്മിൽ സ്വഭാവത്തിലും വ്യത്യാസം കാണുന്നില്ല. സ്വഭാവശുദ്ധിയുണ്ടെങ്കിൽ

തന്നെ അതു ആർക്കുവേണം? സ്വഭാവശുദ്ധിയുള്ളവനെ ഇന്ന് ആര് ആദരിക്കുന്നു? പ്രസംഗപാടവം, ഉന്നതാദർശങ്ങൾ പറഞ്ഞും മിഥ്യാപ്രതിജ്ഞകൾ ചെയ്തും ജനങ്ങളെ വഞ്ചിക്കാനുള്ള സാമർത്ഥ്യം ഇവ ആർക്കുണ്ടോ അവൻ വലിയവനായി കരുതപ്പെടുന്നു. ജനങ്ങളുടെ ഈ മനഃസ്ഥിതി പോകണം. അല്ലെങ്കിൽ വിദ്യാർത്ഥികൾ നേരെയാകുകയില്ല; രാജ്യം അധഃപതിക്കും. ഒന്നിനും കൊള്ളരുതാത്തവരുടെ കയ്യിൽ ഭരണം കിട്ടുന്ന രാജ്യത്തിന്റെ ഭാവി എന്തായിരിക്കുമെന്നു ഗ്രീക്കചരിത്രവും റോമൻചരിത്രവും നോക്കി പഠിക്കുക. ഈ രണ്ടു സാമ്രാജ്യങ്ങൾ അധഃപതിച്ചതെങ്ങനെ? ഇങ്ങിനി വരാതവണ്ണം നശിച്ചതെങ്ങനെ?

അതുപോലെ അദ്ധ്യാപകന്മാരും കച്ചവടത്തിനു വരരുത്. അങ്ങനെയല്ലാത്ത ഒരു പ്രഫസറുടെ കീഴിൽ പഠിക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. പതിനഞ്ചിലധികം വർഷമായി ആണേഴ്സിനു ഭാഷാവിജ്ഞാനീയം പഠിപ്പിക്കുന്ന ആളായിരുന്നു അദ്ദേഹം. എന്നിട്ടും അദ്ദേഹം ആണ്ടുതോറും പുതുതായി നോട്ടെഴുതി തയാറാക്കിയിട്ടേ ക്ലാസ്സിൽ വന്നിരുന്നുള്ളു. പഠിപ്പിച്ചു കഴിഞ്ഞു പോയാൽ പിന്നെ പിറേറന്ന് ക്ലാസ്സിൽവന്നു തലേ ദിവസം താൻ പഠിപ്പിച്ചപ്പോൾ പറഞ്ഞ ചില വാചകങ്ങൾ വിദ്യാർത്ഥികൾക്കു വിശദമായില്ലെന്നുള്ള ശങ്ക നിമിത്തം രണ്ടാമതും ഉന്നയിച്ചു വ്യാഖ്യാനിക്കും. രാത്രി വീട്ടിൽപോയാൽ താൻ പഠിപ്പിച്ചതു കുട്ടികൾക്കു മനസ്സിലായോ, കുട്ടികൾ തെററിദ്ധരിച്ചോ എന്നു ചിന്തിക്കും. താൻ പഠിപ്പിച്ച രീതിയെപ്പററിയും താൻ പറഞ്ഞ വാചകങ്ങളെപ്പററിയും ആലോചിക്കും. എങ്ങനെയായാൽ കുട്ടികൾ അറിവുള്ളവരായിത്തീരുമെന്നായിരുന്നു അദ്ദേഹത്തിന്റെ ഏകചിന്ത.

ഗീതയിൽ ഒരേ ആശയം രണ്ടു പ്രാവശ്യം ആവർത്തിക്കാനുള്ള കാരണത്തെ നീതീകരിച്ചുകൊണ്ട് ശ്രീ ശങ്കരൻ പറയുന്നു: "ന ഏതേഷാം ശ്ലോകാനാം പൌനരുക്ത്യം ചോദനീയം……………

ദുർബോധത്വാൽ ആത്മവസ്തുനഃ പുനഃ പുനഃ പ്രസംഗം ആപാദ്യ ശബ്ദാന്തരേണ തൽ ഏവ വസ്തു നിരൂപയതി ഭഗവാൻ വാസുദേവഃ കഥം ന നാമ സംസാരിണാം അവ്യക്തം തത്വം ബുദ്ധിഗോചരത്വാം ആപന്നം സൽ സംസാരനിവൃത്തയെ സ്യാൽ ഇതി”

ശ്രീകൃഷ്ണൻ അതുദ്ദേശിച്ചാണോ പറഞ്ഞതെന്നു നിശ്ചയമില്ല. എന്നാൽ ശങ്കരൻ പഠിപ്പിച്ചപ്പോഴെല്ലാം അദ്ദേഹത്തിൻെറ ചിന്ത അതായിരുന്നെന്നു തീൎച്ച. അദ്ധ്യാപകൻെറ ഏക ചിന്ത ശിഷ്യൻ എങ്ങനെ തൻെറ വിഷയത്തിൽ പണ്ഡിതനായിത്തീരുമെന്നായിരിക്കണം.

ഇന്നു വീട്ടിൽവച്ചു പിറ്റേ ദിവസത്തെ പാഠംപോലും നോക്കാതെ സർവ്വതന്ത്രസ്വതന്ത്രരാണെന്ന ഭാവത്തിൽ, നടന്മാർ സ്റ്റേജിൽ വരുന്നതുപോലെ, ക്ലാസ്സിലെ അദ്ധ്യാപകപീഠത്തിലേക്കു് വന്നിരുന്നു് “ഇന്നു് എവിടെയാണു് പാഠം തുടങ്ങേണ്ടതു്?” എന്നു ചോദിക്കുന്ന, സ്വധർമ്മനിഷ്ഠയില്ലാത്ത വളരെ അദ്ധ്യാപകന്മാരുണ്ടു്. അവർ രാജ്യദ്രോഹികളാണു്. വിദ്യാവിക്രയികളായ അവരെ പാപികളെന്നു ശാസ്ത്രം പറയുന്നു. അവരാണു് ഗുരുത്വംകെട്ട വിദ്യാർത്ഥികളെ സൃഷ്ടിക്കുന്നതു്.

അതുപോലെതന്നെ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരെ കൂലിക്കാരായി വിചാരിക്കരുതു്.

ഡാക്ടർമാരും ജഡ്ജിമാരും തൊഴിലാളികളും മുതലാളികളും എല്ലാം സ്വധർമ്മത്തിനുവേണ്ടി ജീവിക്കുന്നവരാകണം. ധർമ്മസ്വരൂപനാണീശ്വരൻ. “ഈശ്വരാൎപ്പണബുദ്ധ്യാ/നുഷ്ഠീയമാനം കർമ്മ സത്വശുദ്ധയെ ഭവതി ഫലാഭിസന്ധിവർജിതം” എന്നു ശങ്കരൻ പറയുന്നു. ശുദ്ധമായ മനസ്സാണു് ഈശ്വരനെ കാണാനുള്ള കരണം. ഈശ്വരനുണ്ടെന്നുള്ളതിനു തെളിവു് ഈശ്വരനെ കാണാമെന്നുള്ളതാണു്. ഈശ്വരാസ്തിക്യം വോട്ടിൻെറ വിഷയമല്ല. ആയിരം പൊട്ടക്കണ്ണന്മാർകൂടി വോട്ടെടുത്തപ്പോൾ സൂര്യനില്ലെന്നു കിട്ടിയതുകൊണ്ടു് സൂര്യനില്ലെന്നു വരുമോ? കണ്ണുള്ള ഒരുവൻെറ അഭിപ്രായ

മാണു് കണ്ണില്ലാത്ത ആയിരംപേരുടേതിനേക്കാൾ സത്യം. പൊട്ടക്കണ്ണനും ചെകിടനുംകൂടി ഉത്സവം കാണാൻ പോയകഥ നിങ്ങൾ കേട്ടിട്ടില്ലെ? പൊട്ടക്കണ്ണൻ പറഞ്ഞു ഇന്നു ചെണ്ടയും ചെണ്ടക്കാരനുമില്ലാത്ത കൊട്ടാണെന്നു്. ചെകിടൻ പറഞ്ഞു, "ഇന്നു കൊട്ടില്ല. എല്ലാം ഓങ്ങിവയ്ക്കലാണു്" എന്നു്. രാഗദ്വേഷാദിവിട്ട ശുദ്ധാന്തഃകാരണന്മാരുടെ അനുഭവമാണു് ഈശ്വരാസ്തിക്യത്തിൽ പ്രമാണം. യുക്തിയുമല്ല. സയിൻസുമല്ല.

യുക്തികൊണ്ടു് നിങ്ങൾക്കാർക്കെങ്കിലും പഞ്ചസാര മധുരിക്കുമെന്നു തെളിയിക്കാമോ? ഇല്ലെന്നുള്ളതിനു ഞാൻ ഒരു വാദം കൊണ്ടുവരാം.

"കുമ്മായം വെളുത്തതാണു്; അതിനു മധുരമില്ല. മുല്ലപ്പൂ വെളുത്തതാണു്. അതിനു മധുരമില്ല. വെള്ളത്തുണികൊണ്ടുണ്ടാക്കിയ മുണ്ടു് വെളുത്തതാണു്; അതിനു മധുരമില്ല. ഇതിൽനിന്നു് വെളുത്തതിനൊന്നും മധുരമില്ലഎന്നു ഒരു തീർച്ചപ്പാടില്ലേ? അതായതു് "എവിടെയെവിടെ വെളുപ്പുണ്ടോ അവിടവിടെ മധുരമില്ല. പഞ്ചസാരയും വെളുത്തതാണു്. അതുകൊണ്ടു് അതിനു മധുരമില്ല" ഈ വാദത്തിനു് നിങ്ങൾ വിപരീതദൃഷ്ടാന്തങ്ങൾ കൊണ്ടുവന്നേക്കാം. എന്നാലെന്തു? സൽപ്രതിപക്ഷഹേത്വാഭാസമാണതു്. നിങ്ങൾക്കു് കഴിയുമെങ്കിൽ യുക്തികൊണ്ടു പഞ്ചസാര മധുരിക്കുമെന്നു തെളിയിക്കുക. ഞാൻ നിങ്ങൾക്കു സമ്മാനം തരാം. ആരെങ്കിലും മുന്നോട്ടു വരുക. സയിൻസുകൊണ്ടു പഞ്ചസാര മധുരിക്കുമെന്നു തെളിയിക്കാമോ? സാദ്ധ്യമല്ല. സയിൻസുകൊണ്ടും യുക്തികൊണ്ടുമല്ല പഞ്ചസാരയ്ക്കു മാധുര്യമുണ്ടെന്നു നാം അറിയുന്നതു്. കരണദോഷമില്ലാത്തവൻ ഭക്ഷിച്ചുനോക്കുമ്പോൾ പഞ്ചസാരയുടെ മാധുര്യം അറിയുന്നു. അതുപോലെ തന്നെയാണു് ഈശ്വരകാര്യവും. ഈ യുഗത്തും ശ്രീരാമകൃഷ്ണൻ ഈശ്വരനെ കണ്ടിരിക്കുന്നു. "മഹാശയാ! അങ്ങു് ഈശ്വരനെ കണ്ടിട്ടുണ്ടോ ?" എന്നു ചോദിക്കുന്ന യുക്തിവാദിയും

പ്രത്യക്ഷമാത്രവിശ്വാസിയുമായ നരേന്ദ്രനോട് "ഉണ്ട് കുഞ്ഞേ! ഉണ്ട്. നിന്നെക്കാണുന്നതിനേക്കാൾ നിബിഡമായി ഞാൻ ഈശ്വരനെ കാണുന്നു" എന്നു ശ്രീരാമകൃഷ്ണൻ മറുപടി പറയുന്നു. അതാണുത്തരം. അതാണു ഈശ്വരനുണ്ടെന്നുള്ളതിനു തെളിവ്. ഈശ്വരനെ കണ്ടാൽ എന്തു കിട്ടും? നിത്യാനന്ദം, അമൃതത്വം. അതിനുള്ള വഴി സ്വധർമ്മാനുഷ്ഠാനമാണ്.

എല്ലായിടത്തും ധർമ്മബോധം മുന്നിട്ടു നില്ക്കണം, അവകാശവാദം മുന്നിടരുത്. ത്യാഗമായിരിക്കണം ലക്ഷ്യം. ത്യാഗംകൊണ്ടേ നശിക്കാതിരിക്കൂ. "ത്യാഗേനൈകേ അമൃതത്വമാനശുഃ"

ധർമ്മത്തിന്റെ ഇപ്പോഴത്തെ ഈ ഭയങ്കരമായ അധഃപതനത്തെ തടയേണ്ടതിന്റെ ആവശ്യത്തേയും അതിനുള്ള വഴിയേയും വെളിപ്പെടുത്താനാണ് ഈ യുഗത്തിൽ ശ്രീരാമകൃഷ്ണൻ ആവിർഭവിച്ചതു്. അദ്ദേഹത്തിന്റെ ശിഷ്യനായ സ്വാമി വിവേകാനന്ദൻ ധർമ്മരഹസ്യത്തെ കാലദേശാവസ്ഥാനുസരണം വ്യാഖ്യാനിച്ചിരിക്കുന്നു. ശ്രീരാമകൃഷ്ണന്റെ ചരിതവും ഉപദേശങ്ങളും ശ്രീവിവേകാനന്ദസ്വാമികളുടെ ഗ്രന്ഥങ്ങളും വായിച്ചാൽ ധർമ്മത്തിന്റെ നാനാവശങ്ങളും അനുഷ്ഠാനരീതിയും നിങ്ങൾക്കു മനസ്സിലാകും. "My heart bleeds for the poor." "He whose heart bleeds for the poor, the down-trodden and the depressed, him I call a Mahatman; everyone else is a duratman" എന്നു പറഞ്ഞ സ്വാമിജിയുടെ ആശയങ്ങൾ ഗ്രഹിച്ചു ലോകം മുഴുവൻ വ്യാപിപ്പിക്കിൻ! സ്വാമിജി പാവങ്ങളുടെ പട്ടിണിതീർക്കാനുള്ള വഴിയും ഈശ്വരസാക്ഷാൽകാരോപായവും ഒന്നിച്ചറിഞ്ഞയാളാണ്. സ്വാമിജി കാണിച്ച വഴിയെ അനുസരിക്കുവിൻ! ലോകശാന്തി വരും. സർവ്വത്ര സമൃദ്ധി കളിയാടും. ലോകം നിത്യാനന്ദം അനുഭവിക്കും. ഭഗവാൻ അനുഗ്രഹിക്കട്ടെ!

II

* ധർമ്മാനുഷ്ഠാനം.

"ധരതി ലോകാൻ ധ്രിയതേ പുണ്യാത്മഭിരിതിവാ"

എന്നാണ് ശബ്ദകല്പദ്രുമത്തിൽ ധർമ്മപദത്തിന്നർത്ഥം കൊടുത്തിരിക്കുന്നത്.

"ധാരണാർദ്ധർമ്മമിത്യാഹുർധർമ്മേണ വിധൃതാഃ പ്രജാഃ
യഃ സ്യാദ്ധാരണസംയുക്തഃ സ ധർമ്മ ഇതി നിശ്ചയഃ"

എന്നു മഹാഭാരതത്തിലും കാണുന്നു. ലോകത്തിന്റെ ക്ഷേമത്തോടുകൂടിയ നിലനില്പിന്നാവശ്യമായതു ധർമ്മമെന്നർത്ഥം. "യതോഽഭ്യുദയനിഃശ്രേയസസിദ്ധിഃ സ ധർമ്മഃ" എന്നാണ് കണാദമഹർഷി ധർമ്മത്തെ നിർവചിക്കുന്നത്. യാതൊന്നുകൊണ്ടു മനുഷ്യന്ന് ഇഹലോകത്തും പരലോകത്തും ശ്രേയസ്സുണ്ടാകുമോ, യാതൊന്നു നിത്യാനന്ദം നല്കുമോ അതു ധർമ്മം എന്നാണിതിന്റെ താല്പര്യം.

ബ്രഹ്മചര്യേണ സത്യേന തപസാ ച പ്രവർത്തതേ
ദാനേന നിയമേനാപി ക്ഷമാശൌചേന വല്ലഭ!
അഹിംസയാ സുശാന്ത്യാ ച അസ്തേയേനാപി വർത്തതേ
ഏതൈർദ്ദശഭിരംഗൈസ്തു ധർമ്മമേവ പ്രസൂചയേത്.

എന്നു പാത്മഭൂമിഖണ്ഡത്തിലും,

അദ്രോഹശ്ചാപ്യലോഭശ്ച ദമോ ഭൂതദയാ തപഃ
ബ്രഹ്മചര്യം തതഃ സത്യമനുക്രോശഃ ക്ഷമാ ധൃതിഃ
സനാതനസ്യ ധർമ്മസ്യ മൂലമേതദ്ദുരാസദം.

എന്നു മത്സ്യപുരാണത്തിലും പറഞ്ഞിരിക്കുന്നു.

"യശഃ സത്യം ദമഃ ശൌചമാർജ്ജവം ഹ്രീരചാപലം
ദാനം തപോ ബ്രഹ്മചര്യമിത്യേതാസ്തനവോ മമ
അഹിംസാ സമതാ ശാന്തിസ്തപഃ ശൌചമമത്സരഃ
ദ്വാരാണ്യേതാനി മേ വിദ്ധി പ്രിയോഹ്യസി സുതോ മമ.

* പൌരധ്വനി 1944-ലെ വിശേഷാൽ പ്രതിയിൽ നിന്ന്

എന്നു യക്ഷരൂപത്തിൽ പ്രത്യക്ഷപ്പെട്ടന്ന ധൎമ്മംതന്നെ യുധിഷ്ഠിരനോട്ട പറയുന്നതായി മഹാഭാരതത്തിൽ കാണുന്നു.

ധൎമ്മം കേവലം പരലോകത്തിനുവേണ്ടി മാത്രമുള്ളതല്ലെന്നു ധൎമ്മത്തേപ്പററി കണാദൻ കൊടുക്കുന്ന ലക്ഷണത്തിൽ നിന്നുതന്നെ സ്പഷ്ടമാണു്. ധൎമ്മം ഇഹലോകത്തിനും പരലോകത്തിനും ഹിതമായിട്ടുള്ളതാണു്.

"Seek ye the Kingdom of God and everything else will be added unto you" എന്നു ബൈബിളിൽ പറയുന്നു. ഈശ്വരസാമ്രാജ്യത്തെ അന്വേഷിച്ചാൽ മററുള്ളതെല്ലാം താനിയെ വരുമെന്നൎത്ഥം. ഈശ്വരസാമ്രാജ്യത്തെ അന്വേഷിക്കുന്ന മാൎഗ്ഗമാണു ധൎമ്മം. "ധൎമ്മോ രക്ഷതി രക്ഷിതഃ" എന്നു മഹാഭാരതം. ധൎമ്മത്തെ ലംഘിച്ചാൽ അതു നമ്മുടെ ഐഹികശ്രേയസ്സിനെ തന്നെയും നശിപ്പിക്കും. "ധൎമ്മ എവ ഹതോ ഹന്തി" എന്നാണു് ആൎഷവചനം.

"ന ധൎമ്മോഽസ്തീതി മന്വാനഃ ശുചീനവഹസന്തി യേ
അശ്രദ്ധാനാ ധൎമ്മസ്യ തേ നശ്യന്തി ന സംശയഃ"

ധൎമ്മത്തിൻെറ പ്രമാണം വേദങ്ങൾ, ധൎമ്മശാസ്ത്രങ്ങൾ, ശിഷ്ടാചാരം എന്നിവയാണു്. ശിഷ്ടന്മാർ ആരു് ?

ന്യായോപേതാ ഗുണോപേതാഃ സർവലോകഹിതൈഷിണഃ
സന്തഃ സ്വൎജ്ജിതഃ ശക്ത്യാ സന്നിവിഷ്ടാശ്ച സൽപഥേ
ദാതാരഃ സംവിഭക്താരോ ദീനാനുഗ്രഹകാരിണഃ
സർവപൂജ്യാഃ ശ്രുതധനാസ്തഥൈവ ച തപസ്വിനഃ
സർവഭൂതദയാവന്തസ്തേ ശിഷ്ടാഃ ശിഷ്ടസംമതാഃ

ന്യായം, ഗുണം എന്നിവയുള്ളവരും സകലലോകത്തിനും നന്മയെ കാംക്ഷിക്കുന്നവരും സന്മാൎഗ്ഗനിഷ്ഠരും യഥാശക്തി പരലോകമുണ്ടെന്നുള്ള വിശ്വാസത്തോടുകൂടി പ്രവൎത്തിക്കുന്നവരും ദാനശീലരും തനിയ്ക്കു കിട്ടിയതു് അന്യന്മാൎക്കുകൂടി കൊടുക്കുന്നവരും ദീന

ന്മാരെ അനുഗ്രഹിക്കുന്നവരും എല്ലാവരും പൂജിക്കുന്നവരും തപസ്വികളും ജ്ഞാനമാകുന്ന ധനമുള്ളവരും സകല ജീവികളിലും ദയയുള്ളവരുമാണ് ശിഷ്ടന്മാർ.

ധർമ്മത്തിന്റെ പ്രധാനാംശം അഹിംസയാകുന്നുവെന്നു ഋഷിമാർ പറയുന്നു.

അദ്രോഹ: സർവഭൂതേഷു കർമ്മണാ മനസാ ഗിരാ
അനുഗ്രഹശ്ച ദാനം ച സതാം ധർമ്മ: സനാതന:
(സാവിത്ര്യുപാഖ്യാനം.)

അഹിംസാർത്ഥായ ഭൂതാനാം ധർമ്മപ്രവചനം കൃതം
യഃ സ്യാദഹിംസാസംയുക്ത: സ ധർമ്മ ഇതി നിശ്ചയ:
(മഹാഭാരതം)

ധർമ്മാനുഷ്ഠാനംകൊണ്ടു് എന്തുകിട്ടുമെന്നു ചിലർ ചോദിക്കുന്നു. മാർക്കണ്ഡേയമുനി ദീർഘായുഷ്മാനായതും വ്യാസൻ, വസിഷ്ഠൻ, മൈത്രേയൻ, നാരദൻ, ലോമശൻ, ശുകൻ എന്നീ മുനിമാർ നിഗ്രഹാനുഗ്രഹശക്തന്മാരായതും ധർമ്മാനുഷ്ഠാനം കൊണ്ടാണെന്നു പുരാണം പറയുന്നു.

അഹിംസാപ്രതിഷ്ഠായാം തത്സന്നിധൌ വൈരത്യാഗ:

അഹിംസയിൽ സിദ്ധനായാൽ അയാളുടെ സന്നിധിയിൽ ദുഷ്ടജന്തുക്കൾപോലും വൈരം ത്യജിക്കുന്നു.

സത്യപ്രതിഷ്ഠായാം ക്രിയാഫലാശ്രയത്വം

സത്യത്തിൽ സിദ്ധനായാൽ അയാൾ എന്തുപറയുന്നുവോ അതു ഫലിയ്ക്കും.

ബ്രഹ്മചര്യപ്രതിഷ്ഠായാം വീര്യലാഭ:

ബ്രഹ്മചര്യത്തിൽ സിദ്ധനായാൽ എതും സഹിക്കുന്നതിനും എതു വിപത്തുകളേയും തരണം ചെയ്യുന്നതിനും ആവശ്യമായ മനോവീര്യവും ദേഹബലവും ഉണ്ടാകുന്നു. ഇങ്ങനെ അനേകം സി

ദ്ധികളുണ്ടു്. ഇതെല്ലാം ധർമ്മത്തിൽനിന്നു സിദ്ധിക്കുന്നതാണു്, ഇതിനെല്ലാററിനും മീതെ ചാരിത്രബലം കിട്ടുന്നു.

ശബ്ദേ സ്പർശേ രസേ രൂപേ തഥാ ഗന്ധേ ച ഭാരത!
പ്രഭുത്വം ലഭതേ ജന്തുർധർമ്മസ്യൈതൽ ഫലം വിദുഃ

ശബ്ദസ്പർശരസരൂപഗന്ധങ്ങളിലുള്ള ഭ്രമമാണു് മനുഷ്യനു് അസ്വാസ്ഥ്യത്തിനും നാനാവിധാനർത്ഥങ്ങൾക്കും കാരണമുണ്ടാക്കുന്നതു്. ഇവയിലുള്ള ഭ്രമത്തെ ജയിച്ചാൽ മനുഷ്യനു് എത്ര ശാന്തതയും സുഖവും അനുഭവിക്കാമെന്നു് അനുഭവിച്ചവർക്കേ അറിയാൻ കഴിയൂ. ഇത്ര മഹത്തായ ഒരു ഫലം ഈലോകത്തു്, ഈ ശരീരത്തിൽ വച്ചു തന്നെ, ധർമ്മഫലമായി ലഭിക്കുന്നു. കോടികോടി പവൻകൊണ്ടു് ലഭിക്കാത്ത മനഃശാന്തി ധർമ്മനിഷ്ഠന്നനുഭവമാകുന്നു. ഇതിലധികമെന്താണു് വേണ്ടതു്? ധർമ്മം അനുഷ്ഠിക്കുന്നതു പണത്തിനുവേണ്ടിയല്ല. പണക്കാരെല്ലാം മനഃശാന്തിയനുഭവിക്കുന്നില്ലെന്നുള്ളതു് പ്രത്യക്ഷമാണല്ലൊ.

ധനിക്കു ശത്രുക്കളസംഖ്യമുണ്ടാം
മനക്കരുന്നിൽ ഭയമേററമുണ്ടാം
തനിക്കുസുഖലംഭാവവുമില്ല പിന്നെ
കനക്കവേ കൈതവമേററമുണ്ടാം.

എന്നു കുഞ്ചൻനമ്പ്യാർ ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൽ പറയുന്നു. നിത്യമനഃശാന്തി വേണമെങ്കിൽ "നിനക്കുള്ളതു വിററു പാവങ്ങൾക്കു കൊടുത്തിട്ടു് എന്നെ അനുഗമിക്കുക" എന്നുകൂടി ക്രൈസ്റ്റു് പറയുന്നു.

"സുഖയതി ധനമേവേത്യന്തരാശാപിശാച്യാ
ദൃഢതരമുപഗൂഢോ മൂഢലോകോ ജഡാത്മാ
നിവസതി തദുപാന്തേ സന്തതം പ്രേക്ഷമാണോ
വ്രജതി തദപി പശ്ചാൽ പ്രാണമേതസ്യ ഹത്വാ
സമ്പന്നോഽന്ധവദേവ കിഞ്ചിദപരം നോ വീക്ഷതേ ചക്ഷുഷാ

സദ്ഭിപ്പുജ്ജിതമാർഗ്ഗഎവ ചരതി പ്രോത്സാരിതോ ബാലിശൈ:
തസ്മിന്നേവ മൂഢ:സ്ഖലൻ പ്രതിപദം ഗത്വാ സ്വകൂപേ പത-
ത്യസ്യാസ്വതന്ത്രനിവർത്തകൌഷധമിദം ദാരിദ്ര്യമേവാഞ്ജനം
ലോഭ: ക്രോധശ്ച ഡംഭശ്ച മദോ മത്സര എവച
വർദ്ധതേ വിത്തസംപ്രാപ്ത്യാ കഥം തച്ഛിത്തശോധനം
തസ്മാദനർത്ഥസ്യ നിദാനമർത്ഥ: പുമർത്ഥസിദ്ധിർന്നഭവത്യനേന"

എന്നു ശ്രീശങ്കരാചാര്യർ പറയുന്നു. അതിനാൽ പണത്തേക്കാൾ വലുതായൊന്നുണ്ട്. അതു ധർമ്മംകൊണ്ടു കിട്ടുന്നു; ധർമ്മംകൊണ്ടേ കിട്ടുകയുള്ളു. ധർമ്മം ഉപേക്ഷിച്ചു പണത്തിന്റെ പുറകെ ഓടുന്നവൻ മായനാകുന്നു. എന്തെന്നാൽ

"യോഹി ധർമ്മം പരിത്യജ്യ ഭവത്യർത്ഥപരോനര:
സോഽസ്മാച്ച ഹീയതേ ലോകാൽ ക്ഷുദ്രഭാവം ച ഗഛതി."

എന്നു ഋഷിമാർ ഉപദേശിക്കുന്നു. ഒരു കാരണവശാലും ധർമ്മം ത്യജിക്കരുതെന്നാണ് ഋഷിമാരുടെ ആജ്ഞ.

"ന ജാതു കാമാന്ന ഭയാന്ന ലോഭാ-
ദ്ധർമ്മംജഹ്യാജ്ജീവിതസ്യാപി ഹേതോ:
നിത്യോ ധർമ്മ: സുഖദു:ഖേ ത്വനിത്യേ
ജീവോ നിത്യോ ധാതുരസ്യ ത്വനിത്യ:"

കാമംകൊണ്ടോ, ഭയംകൊണ്ടോ, ലോഭംകൊണ്ടോ ഒരിക്കലും ധർമ്മം ത്യജിക്കരുത്, മരണത്തെ ഭയന്നുപോലും ത്യജിക്കരുത്. ധർമ്മം നിത്യമാണ്. സുഖദു:ഖങ്ങൾ അനിത്യങ്ങളാണ്. ജീവൻ നിത്യം. ശരീരം അനിത്യം. അതിനാൽ അനിത്യത്തെ അപ്രധാനമായി തള്ളിയിട്ടും നിത്യത്തിൽ പ്രതിഷ്ഠ സമ്പാദിക്കണം. ഇതാണ് ത്രികാലജ്ഞന്മാരും വിവേകികളുമായ ഋഷിമാർ പറയുന്നത്.

ധർമ്മം കച്ചവടത്തിനുള്ളതല്ല.

ധർമ്മവാണിജ്യകോ ഹീനോ ജഘന്യോ ധർമ്മവാദിനാം
ന ധർമ്മഫലമാപ്നോതി യോ ധർമ്മം ദോഗ്ധുമിച്ഛതി

ധർമ്മം ഭൌതികമായ പ്രതിഫലത്തിനുവേണ്ടി അനുഷ്ഠിക്കയോ പ്രചരിപ്പിക്കയോ ചെയ്യുന്നവൻ ധർമ്മകച്ചവടക്കാരനാണ്. അവനു ധർമ്മാനുഷ്ഠാനത്തിൻെറ ശരിയായ ഫലം കിട്ടുന്നില്ലാ എന്നർത്ഥം. എന്നു മാത്രമല്ലാ ധർമ്മത്തെ പണത്തിനുവേണ്ടി വ്യാപാരം നടത്തുന്ന ജനങ്ങൾ എവിടെ താമസിക്കുന്നുവോ അവിടം സജ്ജനങ്ങൾക്കു വാസയോഗ്യമല്ലെന്നുകൂടിയാണ് ഭാരതീയസിദ്ധാന്തം.

ധർമ്മമർത്ഥനിമിത്തം ച ചരേയുര്യത്ര മാനവാഃ

ന താനനുവസേജ്ജാതു തേ ഹി പാപകൃതോ ജനാഃ

ഏതൊരു ദേശത്തെ ജനങ്ങളാണോ ധർമ്മത്തെ പണത്തിനുവേണ്ടി അനുഷ്ഠിക്കുന്നതു് അവരോടു ഒന്നിച്ചു വസിക്കരുതു്. ആ ആളുകൾ പാപികളാണ് എന്നർത്ഥം. അതിനാൽ ധർമ്മം പണമുണ്ടാക്കാനുള്ളതല്ല, മനുഷ്യനിൽ അന്യായമായുണ്ടാകുന്ന അർത്ഥകാംക്ഷയേയും ഭോഗേച്ഛയേയും തടയുകയാണ് ധർമ്മത്തിൻെറ വേല.

ധർമ്മരക്ഷയ്ക്കാണ് രാജാവു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്.

"ധർമ്മായ രാജാ ഭവതി രാജാ ലോകസ്യ രക്ഷിതാ"

എന്നു് ആർഷവചനം.

ഉഭൌ ലോകാവഭിപ്രേക്ഷ്യ രാജാനമസൃജംസ്തദാ

മുനയോഽസ്യ മഹദ്ഭൂതമയം ധർമ്മോ ഭവിഷ്യതി,

എന്നു മഹാഭാരതം പറയുന്നു.

യസ്മിൻധർമ്മോ വിരാജേത തം രാജാനം പ്രചക്ഷതേ.

യാതൊരുവനിൽ ധർമ്മം പ്രകാശിക്കുന്നുവോ അദ്ദേഹത്തെ രാജാവെന്നു പറയുന്നു.

ധർമ്മേ വർദ്ധതി വർദ്ധന്തി സർവഭൂതാനി സർവദാ

തസ്മിൻ ഹ്രസതി ഹീയന്തെ തസ്മാദ്ധർമ്മം വിവർദ്ധയേൽ.

ധർമ്മം വർദ്ധിച്ചാൽ സകലജീവികളും വർദ്ധിക്കുന്നു. ധർമ്മം ക്ഷയിച്ചാൽ എല്ലാ ജീവികളും ക്ലേശിക്കുന്നു.

സ രാജാ യഃ പ്രജാഃ ശാസ്തി സാധുകൃല്ലു രക്ഷഷഭ!
കാമക്രോധാവനാദൃത്യ ധർമ്മമേവാനുപാലയൻ.

പ്രജകൾ ധർമ്മംവിട്ടു നടന്നാൽ അതി വൃഷ്ടി അനാവൃഷ്ടി മുതലായവ രാജ്യത്തുണ്ടാകുമെന്നും ശാസ്ത്രങ്ങൾ പറയുന്നു. ഇതു യുക്തിയുക്തവുമാണു്. അന്തരീക്ഷത്തിൽ മാററങ്ങൾ വരുത്തുന്നതിനും മനസ്സിനു കഴിയും. സൂക്ഷ്മമായ മനസ്സു് എങ്ങനെ ഒരു സ്ഥൂലശരീരത്തെ നിയന്ത്രിക്കുന്നുവോ അതുപോലെ അനേകജനങ്ങളുടെ മനസ്സു പ്രകൃതിയിലും മാററം വരുത്തുന്നു. പ്രകൃതിയിലെ മാററങ്ങളാണല്ലൊ അതിവൃഷ്ട്യാദികൾക്കു കാരണം. അതുകൊണ്ടാണു് 'രാജാ കാലസ്യ കാരണം' എന്നു പറയുന്നതു്.

കൃതം ത്രേതാ ദ്വാപരഞ്ച കലിശ്ച ഭരതർഷഭ!
രാജവൃത്താനി സർവ്വാണി രാജൈവ യുഗമുച്യതേ

എന്നും ആചാര്യന്മാർ പറയുന്നു.

ധർമ്മസംസ്ഥാപനത്തിനാണു് ഈശ്വരൻ അവതരിക്കുന്നതും. യാതൊന്നിനുവേണ്ടി രാജാക്കന്മാർ സൃഷ്ടിക്കപ്പെട്ടുവോ യാതൊന്നു സ്ഥാപിക്കുവാൻ ഈശ്വരൻ അവതരിക്കുന്നുവോ യാതൊന്നാണോ സർവ്വഭൂതങ്ങൾക്കും ആശ്രയമായിരിക്കുന്നതു് യാതൊന്നുകൊണ്ടാണോ മനുഷ്യർക്കു് അഭ്യുദയവും നിഃശ്രേയസവും സിദ്ധിക്കുന്നതു്, യാതൊന്നു ലംഘിക്കുകയാൽ ലോകം ഇന്നു കഷ്ടപ്പെടുന്നുവോ, ആ ധർമ്മം, "ധർമ്മോഽസ്മൽ കുലദൈവതം" എന്ന മുദ്രാവാക്യത്തോടുകൂടിയ ധാർമ്മികഭൂപന്മാർ വംശപാരമ്പര്യാ ഭരിച്ചുവരുന്ന ഈ ധർമ്മരാജ്യത്തു് എന്നും നിലനില്ക്കട്ടെ!

പ്രബുദ്ധകേരളം.

നിർമ്മതത്വത്തേയും, നിരീശ്വരവാദത്തേയും ഉച്ചാടനംചെയ്തു സർവ്വമതങ്ങളും ഒരേലക്ഷ്യത്തിലേക്കുള്ള വഴികളെന്നു പ്രഖ്യാപിക്കുന്ന ശ്രീരാമകൃഷ്ണവിവേകാനന്ദാദർശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടു മുപ്പത്തിയാറു വർഷമായി നിലനിന്നുപോരുന്ന കേരളത്തിലെ ഏകമതവിഷയമാസിക.

വരിക്കാരായി ഉടൻ ചേരുവിൻ !

വരിസംഖ്യ ഒരാണ്ടത്തേക്ക് 5 ക.

മാനേജർ, പ്രബുദ്ധകേരളം.
KALADY, P. O.
Travancore-Cochin State.

THE PROGRESS PRINTING WORKS, PERUMBAVOOR.